**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം വയനാട്ടിലെ ഓഫീസുകളിൽ പരിശോധന നടത്തി എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; ഇതിൽ ക്രമക്കേട് കണ്ടെത്തിയത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ക്രമക്കേട് കണ്ടെത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആഭ്യന്തര പരിശോധനാ വിഭാഗം വയനാട് ജില്ലയിലെ ഓഫീസുകളിൽ പരിശോധനകൾ നടത്തി 3 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.<br><br>വയനാട് ജില്ലയിലെ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി, EMRS പൂക്കോട്, ഐ റ്റി ഡി പി വയനാട് എന്നീ സ്ഥാപനങ്ങളിൽ നടത്തിയ മൂന്ന് പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>മേൽ പരാമർശിത റിപ്പോർട്ടുകളിൽ **വയനാട് ഐ റ്റി ഡി പി യിൽ** പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് ഭാഗികമായതിനാൽ അന്തിമമായി അംഗീകരിച്ചിട്ടില്ല. ശേഷിക്കുന്ന രണ്ട് പരിശോധനാ റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-പരിശോധന റിപ്പോർട്ട്

## ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പൂക്കോട്

| | |
|---|---|
| **പരിശോധനാ തീയതി** | **13.12.2022 മുതൽ 17.12.2022 വരെ** |
| **പരിശോധനാ വിഷയം** | **സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി 2014-15 മുതൽ 2019-20 വരെ** |

### പരിശോധന നടത്തിയ ജീവനക്കാരുടെ വിവരം

| ക്രമ നം. | പേര് | തസ്തിക | പെൻ നമ്പർ |
|---|---|---|---|
| 1 | അരുൺ.എസ്സ് | ജൂനിയർ സൂപ്രണ്ട്, ട്രൈബൽ ഡെവലെപ്മെന്റ് ഓഫീസ് ചാലക്കുടി | 158655 |
| 2 | ശ്രീജിത്ത്കുമാർ . ജെ | സീനിയർ ക്ലർക്ക്, പട്ടിക വർഗ വികസന വകുപ്പ് കാര്യാലയം | 490102 |

### പരിശോധന നടത്താനുണ്ടായ സാഹചര്യം

പൂക്കോട് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയത്തിൽ വീഴ്ച വന്നതായി കൽപ്പറ്റ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് അദ്ധ്യക്ഷന്റെ 07.12.2022-ലെ G/G1/7616/2022/STDD(1) നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് അന്വേഷണം നടത്തിയത്. 01.04.2014 മുതൽ 31.03.2020 വരെയുള്ള കാലയളവാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്.

### സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ലക്ഷ്യം

പൌരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള രൂപരേഖ 29.05.2010 ലെ സർക്കാർ ഉത്തരവ്(പി)നമ്പർ.121/2010/ആഭ്യന്തരം. പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. പൂക്കോട് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഉൾപ്പെടെ പട്ടിക വർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 15 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

പദ്ധതി ആരംഭിക്കുന്നതിന് 06.09.2014-ലെ 13/എസ്സ്.പി.സി.സെക്രട്ടേറിയേറ്റ്/ പി.എച്ച്.ക്യു. /2013 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പോലീസ് മേധാവി അനുമതി നൽകുകയും മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതാതു ജില്ലാ പോലീസ് മേധാവികളെ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥരായി നിയമിക്കുകയും, പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക പട്ടിക വർഗ വികസന വകുപ്പിൽ നിന്നും 2018-19 അദ്ധ്യയന വർഷം വരെ ജില്ലാ പോലീസ് മേധാവിക്ക് മാറി നൽകുകയും ആണ് ചെയ്തിരുന്നത്. പൂക്കോട് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിന്റെ നിർവഹണ ഉദ്യോഗസ്ഥനായി വയനാട് ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി നടത്തിപ്പിനായി സ്കൂൾ ഹെഡ്മാസ്റ്ററുടെയും, സ്ഥലം സർക്കിൾ ഇൻസ്പെക്ടറുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിക്കുന്ന അക്കൌണ്ടിൽ ഈ തുക നിക്ഷേപിക്കണം എന്നായിരുന്നു വ്യവസ്ഥ.

**2014-15 മുതൽ 2019-20 വരെ അനുവദിച്ചു നല്കിയ തുകയുടെ വിവരം**

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2014-15 | 3,59,000 |
| 2 | 2015-16 | 4,99,800 |
| 3 | 2016-17 | 2,50,000 |
| 4 | 2017-18 | 0 |
| 5 | 2018-19 | 0 |
| 6 | 2019-20 | 0 |
| ആകെ | | 11,08,800 |

## പരിശോധനയുടെ വിവരങ്ങൾ

ഈ സ്ഥാപനത്തിലെ പദ്ധതി നടത്തിപ്പിനായി സ്കൂൾ ഹെഡ്മാസ്റ്ററുടെയും, ജില്ലാ പോലീസ് മേധാവിയുടെയും പേരിൽ SBI ചൂണ്ടയിൽ ബ്രാഞ്ചിൽ സംയുക്ത അക്കൌണ്ട് ആരംഭിച്ചിരുന്നു. ഇപ്പോൾ ഈ ആവശ്യത്തിനുള്ള 34596062318 നമ്പർ അക്കൌണ്ട് SBI കുന്നത്തിടവക ബ്രാഞ്ചിലേക്ക് മാറ്റിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട പാസ്സ് ബുക്ക്, എച്ച്.എം കൈകാര്യം ചെയ്യുന്ന മെയിൻ ക്യാഷ് ബുക്ക് (അദ്ധ്യാപകരുടെ വേതനം ഉൾപ്പെടെ രേഖപ്പെടുത്തുന്ന), എസ്സ്.പി.സി. ക്യാഷ് ബുക്ക് എന്ന പേരിൽ സൂക്ഷിക്കുന്ന രണ്ടു രജിസ്റ്ററുകൾ, ലഭ്യമായ വൌച്ചറുകളും വൌച്ചറുകളുടെ പകർപ്പുകൾ, എസ്സ്.പി.സി. പദ്ധതിയുടെ ഫയൽ (300/2014) എന്നിവയാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

**i.** അധ്യാപകരുടെ വേതനം ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പണമിടപാടുകൾ രേഖപ്പെടുത്തുന്ന main ക്യാഷ് ബുക്ക് ഹെഡ്മാസ്റ്റർ ആണ് കൈകാര്യം ചെയ്യുന്നത്. SPC ബാങ്ക് അക്കൌണ്ടിലെക്ക് വരുന്ന തുക ഈ ക്യാഷ് ബുക്കിൽ വരവ് ചെയ്യുന്നുണ്ട്. ഈ തുക അതേ തീയതിയിൽ തന്നെ ക്യാഷ് ബുക്കിന്റെ ചെലവ് കോളത്തിൽ കാണിക്കുന്നുണ്ടെങ്കിലും തുക അതേ ദിവസം ചെലവഴിച്ചതായി കാണുന്നില്ല. ഇതിനു പകരമായി ഈ തുക എസ്.പി.സി. ക്യാഷ് ബുക്ക് എന്ന പേരിൽ എഴുതി സൂക്ഷിക്കുന്ന മറ്റൊരു രജിസ്റ്ററിൽ വരവ് ചെയ്യുകയാണ് പതിവ്. എന്നാൽ ഈ രജിസ്റ്റർ ക്യാഷ് ബുക്കിന്റെ മാതൃകയിൽ ശരിയായ വിധത്തിൽ അല്ല എഴുതി സൂക്ഷിക്കുന്നത്. നിരവധി തിരുത്തലുകൾ വരുത്തിയതായും കാണുന്നു. ചെലവ് വിവരങ്ങൾ കൃത്യമായി ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ചെലവഴിച്ച മുഴുവൻ തുകയുടെയും വൌച്ചറുകൾ പൂർണമായി പരിശോധനാ സംഘത്തിന് മുന്നിൽ ഹാജരാക്കാൻ സ്കൂൾ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ നിയമാനുസൃതമായ പരിശോധന നടത്തി തുക ചെലവഴിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ പരിശോധനാ സംഘത്തിന് കഴിയാത്ത സാഹചര്യമാണുള്ളത്. എസ്സ്.പി.സി. പദ്ധതിയുടെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് മുകളിൽ പറഞ്ഞ പ്രകാരമുള്ള രണ്ടു രജിസ്റ്ററുകളാണ് എഴുതി സൂക്ഷിച്ചിരുന്നത്. ആദ്യ രജിസ്റ്ററിലെ പേജുകൾ എഴുതി പൂർത്തിയാക്കും മുൻപ് തന്നെ മറ്റൊരു രജിസ്റ്റർ ആരംഭിച്ച് അതിൽ തുടർന്നുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയാണുണ്ടായത്. **സർക്കാർ ഖജനാവിലെ തുക ചെലവഴിക്കുന്നത് അക്കൌണ്ട് ചെയ്യുന്നതിനുള്ള ആധികാരിക രേഖയായി പരിഗണിക്കാൻ കഴിയും വിധം സുതാര്യമായല്ല ഈ രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. വ്യക്തത ഇല്ലാത്ത വിധമാണ് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ആയതിനാൽ ഇതിലെ രേഖപ്പെടുത്തലുകൾ ആധികാരികമായി കണക്കാക്കാൻ കഴിയില്ല.**

**ii.** 2014-15 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 3,59,000 /- രൂപ പട്ടിക വർഗ വികസന വകുപ്പ് അദ്ധ്യക്ഷന്റെ 14.10.14 ലെ ഡി4-22782/12(2) നമ്പർ ഉത്തരവ് പ്രകാരം 2225-02-102-93 കോർപ്പസ് ഫണ്ട് (പ്ലാൻ) ശീർഷകത്തിൽ നിന്നു അനുവദിക്കുകയും, തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി വയനാട് ജില്ലാ പോലീസ് മേധാവിക്ക് നല്കുകയുമായിരുന്നു. ഈ തുക പിന്നീട് എസ്സ്.പി.സി. പദ്ധതിക്കായി എസ്സ്.ബി.ഐ ചൂണ്ടയിൽ ബ്രാഞ്ചിൽ ആരംഭിച്ച മുകളിൽ പരാമർശിച്ച അക്കൌണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. 2014-15 വർഷം ഈ അക്കൌണ്ടിൽ നിന്നും 1,31,090/- രൂപ പിൻവലിച്ചിട്ടുണ്ട്. തുക ചെലവഴിക്കുന്ന വിവരം

രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ 1,05,070/- രൂപ ചെലവഴിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. **26,020/- രൂപയുടെ ചെലവ് വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല. ദിവസേനയുള്ള വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിലോ സബ്സിഡിയറി ക്യാഷ് ബുക്കിലോ രേഖപ്പെടുത്തുകയാണ് വേണ്ടിയിരുന്നത്. ഇത് പാലിക്കാതിരുന്നത് ഗുരുതര വീഴ്ചയായി കാണുന്നു. 26,020/- രൂപയുടെ ചെലവ് വിവരം രേഖപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല.**

iii. **2014-15 സാമ്പത്തിക വർഷം എസ്. പി. സി പദ്ധതി നടത്തിപ്പിനായി ബാങ്കിൽ നിന്നും പിൻവലിച്ച 1,31,090/- രൂപ ചെലവഴിച്ചതിന്റെ അസ്സൽ വൌച്ചറുകൾ (രസീതുകൾ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അസ്സൽ വൌച്ചറുകൾ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലേക്ക് കൈമാറി എന്ന മറുപടിയാണ് ലഭ്യമായത്.**

iv. 2014-15 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി അനുവദിച്ച 3,59,000/- രൂപയിൽ ചെലവഴിച്ച 1,31,090/- കിഴിച്ച് ബാങ്കിൽ ശേഷിച്ച 2,27,910/- രൂപ ട്രഷറിയിൽ യഥാസമയം തിരികെ അടയ്ക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുകയാണുണ്ടായത്. ഇത് ധനകാര്യ ചട്ടങ്ങളുടെ ലംഘനമാണ്.

v. 2015-16 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 4,99,800/- രൂപ പട്ടിക വർഗ വികസന വകുപ്പ് അദ്ധ്യക്ഷന്റെ 13.10.15 ലെ ഡി4-14444/15 നമ്പർ ഉത്തരവ് പ്രകാരം 2225-02-277-49-MRS-34-O.C (പ്ലാൻ) ശീർഷകത്തിൽ നിന്നും കൽപ്പറ്റ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർക്ക് അനുവദിക്കുകയും, വയനാട് ജില്ലാ പോലീസ് മേധാവിയെ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വയനാട് ഐ.റ്റി.ഡി. പ്രൊജക്റ്റ് ഓഫീസർ 20.01.2016 ലെ ഡി-6253/14 നമ്പർ ഉത്തരവ് പ്രകാരം ഈ തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാറി നിർവ്വഹണ ഉദ്യോഗസ്ഥനായ വയനാട് ജില്ലാ പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ട്. ഈ തുക 11.02.2016-ൽ എസ്സ്.പി.സി. യുടെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ആയിട്ടുമുണ്ട്. ഈ തുക ജില്ലാ പോലീസ് മേധാവി അക്കൌണ്ടിൽ നിക്ഷേപിച്ചതായാണ് മനസിലാകുന്നത്. ഇതിന് പുറമെ 19.11.15-ൽ 18,350/- രൂപ അക്കൌണ്ടിൽ ക്രെഡിറ്റ് ആയിരുന്നു. ഈ തുക എപ്രകാരം ലഭിച്ചതെന്ന വിവരം ലഭ്യമല്ല. ഇതിന് പുറമെ പലിശ ഇനത്തിൽ 7396 രൂപ കൂടി ഈ വർഷം അക്കൌണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. മുൻ വർഷത്തെ നീക്കിയിരുപ്പായ 2,27,910/- രൂപയ്ക്ക് പുറമേ തൻവർഷം ക്രെഡിറ്റ് ആയ 5,25,546/- രൂപയും ചേർത്ത് ആകെ 7,53,456 രൂപ 2015-16 സാമ്പത്തിക

വർഷം അക്കൌണ്ടിൽ ലഭിച്ചതിൽ 2,79,800/- രൂപ പിൻവലിച്ചതായി കാണുന്നു. 31.03.2016-ൽ 4,73,656/- രൂപ അക്കൌണ്ടിൽ ശേഷിച്ചിരുന്നു.

a. ***ഈ കാലയളവിൽ തുക ചെലവാക്കിയത്തിന്റെ വിവരം ക്യാഷ് ബുക്ക് ആയി സൂക്ഷിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു ഗുരുതര വീഴ്ചയാണ്.***

b. ***ഈ തുക (2,79,800/- രൂപ) ചെലവഴിച്ചത്തിന്റെ വൌച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വൌച്ചറുകൾ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കൈമാറിയിട്ടുണ്ടെന്ന് പ്രസ്തുത കാലയളവിൽ SPC യുടെ ചുമതല വഹിച്ച അദ്ധ്യാപകർ അറിയിച്ചുവെന്ന മറുപടിയാണ് ലഭിച്ചത്.***

**vi.** 2016-17 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 4,99,800/- രൂപ പട്ടിക വർഗ വികസന വകുപ്പ് അദ്ധ്യക്ഷന്റെ 04.10.16 ലെ ഡി4-9439/16 നമ്പർ ഉത്തരവ് പ്രകാരം 2225-02-277-49-MRS-34-O.C (പ്ലാൻ) ശീർഷകത്തിൽ നിന്നും കൽപ്പറ്റ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർക്ക് അനുവദിക്കുകയും, വയനാട് ജില്ലാ പോലീസ് മേധാവിയെ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വയനാട് ഐ.റ്റി.ഡി. പ്രൊജക്റ്റ് ഓഫീസർ 19.11.2016 ലെ ഡി-5620/16 നമ്പർ ഉത്തരവ് പ്രകാരം 2,50,000/- രൂപ ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാറി നിർവ്വഹണ ഉദ്യോഗസ്ഥനായ വയനാട് ജില്ലാ പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ട്. ഈ തുക 21.12.2016-ൽ എസ്സ്.പി.സി. യുടെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ആയിട്ടുമുണ്ട്. 2016-17 സാമ്പത്തിക വർഷം മുകളിൽ പറയും പ്രകാരം അനുവദിച്ച 2,50,000 /- രൂപയും, പലിശ ഇനത്തിൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയ 20,967/- രൂപയും, മുൻ വർഷത്തെ നീക്കിയിരുപ്പുണ്ടായിരുന്ന 4,73,656/- രൂപയും ചേർത്ത് ആകെ 7,44,623 രൂപ അക്കൌണ്ടിൽ ലഭ്യമായിരുന്നു. ഇതിൽ നിന്നും 2016-17 വർഷം 2,54,612.50/- രൂപ പിൻവലിച്ചു ചെലവാക്കിയതായി കാണുന്നു. 31.03.2017-ൽ അക്കൌണ്ടിൽ 4,90,010.50/- രൂപ ശേഷിച്ചിരുന്നു. ഹെഡ്മാസ്റ്റർ നല്കിയ വിനിയോഗ സാക്ഷ്യപത്രത്തിലും 2,54,612.50/- രൂപ ചെലവഴിച്ചതായി കാണുന്നു.

a. ***ക്യാഷ് ബുക്കിന് പകരമായി സൂക്ഷിച്ച രജിസ്റ്ററിൽ 2016-17 സാമ്പത്തിക വർഷം 2,26,042 /- രൂപ ചെലവഴിച്ചത്തിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയത്. 28,570.50 /- രൂപയുടെ ചെലവ് വിവരം ലഭ്യമല്ല.***

vii. 2017-18 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിന് വകുപ്പിൽ നിന്നും തുകയൊന്നും അനുവദിച്ചിരുന്നില്ല. മുൻ വർഷത്തെ നീക്കിയിരിപ്പുണ്ടായിരുന്ന 4,90,010.50/- രൂപയോടൊപ്പം ബാങ്ക് പലിശ ഇനത്തിൽ ക്രെഡിറ്റ് ആയ 16,003/- രൂപയും ചേർത്ത് ആകെ 5,06,013.50 /- രൂപ അക്കൌണ്ടിൽ ലഭ്യമായിരുന്നു. ഈ തുകയിൽ നിന്നും 2,12,443.50/- രൂപ പിൻവലിച്ച് ചെലവാക്കിയതായി ഹെഡ്മാസ്റ്റർ നല്കിയ ധന വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കിഴിച്ച ശേഷം 31.03.2018-ൽ 2,93,570/- രൂപ ശേഷിച്ചിരുന്നു.

a. ***ക്യാഷ് ബുക്കിന് പകരമായി എഴുതി സൂക്ഷിച്ച രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അവ്യക്തമാണ്. ഇത് പരിശോധിച്ച് ചെലവ് വിവരം കണക്കാക്കാൻ കഴിയില്ല.***

viii. 2018-19 സാമ്പത്തിക വർഷവും പദ്ധതി നടത്തിപ്പിന് വകുപ്പിൽ നിന്നും തുകയൊന്നും അനുവദിച്ചിരുന്നില്ല. മുൻ വർഷത്തെ നീക്കിയിരിപ്പുണ്ടായിരുന്ന 2,93,570 /- രൂപയും, ബാങ്ക് പലിശ ഇനത്തിൽ ക്രെഡിറ്റ് ആയ 8490/- രൂപയും ചേർത്ത് ആകെ 3,02,060/- രൂപ അക്കൌണ്ടിൽ ലഭ്യമായിരുന്നു. ഇതില് നിന്നും 1,86,900/- രൂപ പിൻവലിച്ച് ചെലവാക്കിയതായി കാണുന്നു. ഇത് കിഴിച്ച ശേഷം 1,15,160/- രൂപ 31.03.2019 ൽ അക്കൌണ്ടിൽ ശേഷിച്ചിരുന്നു.

a. ***ക്യാഷ് ബുക്കിന് പകരമായി സൂക്ഷിക്കുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അവ്യക്തമാണ്. ഇത് പരിശോധിച്ച് ചെലവ് വിവരം കണക്കാക്കാൻ ആവില്ല.***

ix. 2019-20 സാമ്പത്തിക വർഷം പൂക്കോട് എം.ആർ.എസ്സ്.-ൽ പദ്ധതി നടത്തിപ്പിന് പട്ടിക വർഗ വികസന വകുപ്പ് അദ്ധ്യക്ഷന്റെ 16.07.2019-ലെ ഡി4-98963/2019 നമ്പർ ഉത്തരവ് പ്രകാരം 2225-02-277-49-MRS-34-O.C (പ്ലാൻ) ശീർഷകത്തിൽ നിന്നും കൽപ്പറ്റ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർക്ക് 4,99,800/- രൂപ അനുവദിച്ചിരുന്നു. കൽപ്പറ്റ പ്രോജക്ട് ഓഫീസർ 19.09.2019 ലെ ഡി-6052/19 നമ്പർ ഉത്തരവ് പ്രകാരം ഈ തുകയിൽ നിന്നും 2,50,000/- രൂപ പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ സീനിയർ സൂപ്രണ്ടിന് അനുവദിച്ച് അലോട്ട്മെന്റ് നല്കിയിരുന്നു. ഈ തുകയുടെ ബില്ലു ട്രഷറിയിൽ നിന്നും മടക്കി എന്ന കാരണത്താൽ സീനിയർ സൂപ്രണ്ട് 2,50,000/- രൂപ കൽപ്പറ്റ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർക്ക് സറണ്ടർ ചെയ്തിരുന്നു. ആയതിനാൽ 2019-20 അദ്ധ്യയന വർഷം എസ്സ്.പി.സി. പദ്ധതി നടത്തിപ്പിനായി തുകയൊന്നും മാറി നല്കിയിരുന്നില്ല. മുൻ വർഷം നീക്കിയിരിപ്പുണ്ടായിരുന്ന 1,15,160/- രൂപയും, ബാങ്ക് പലിശ ഇനത്തിൽ ക്രെഡിറ്റ് ആയ 2572/- രൂപയും, NEFT ട്രാൻസ്ഫർ ഇനത്തിൽ ക്രെഡിറ്റ് ആയ 3,000/- രൂപയും ചേർത്ത് ആകെ 1,20,732/- രൂപ അക്കൌണ്ടിൽ

ലഭ്യമായിരുന്നു. ഇതിൽ **1,17,732/-**രൂപ പിൻവലിക്കുകയും, അതിൽ **1,04,732/-** രൂപ ട്രഷറിയിൽ തിരികെ അടക്കുകയും ചെയ്തിട്ടുണ്ട്. പിൻവലിച്ചതുകയിൽ ശേഷിച്ച **13,000/-** രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

**x.** **2014-15** സാമ്പത്തിക വർഷം മുതൽ **2019-20** വർഷം വരെ പൂക്കോട് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയതിന് **10,77,846/-** രൂപ ചെലവഴിച്ചതായി ഹെഡ്മാസ്റ്റർ നല്കിയ ധനവിനിയോഗ പത്രത്തിൽ കാണുന്നു (ഫയലിൽ ലഭ്യമായത്). ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും ധനവിനിയോഗ പത്രത്തിൽ പറയും പ്രകാരവും ഈ കാലയളവിൽ താഴെ പറയും പ്രകാരം ആകെ **10,77,846/-** രൂപ ചെലവഴിച്ചതായി കാണുന്നു.

| വർഷം | ധനവിനിയോഗ പത്രത്തിൽ ചെലവായി കാണിച്ച തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ചതായി പരിശോധനയിൽ കണ്ടെത്തിയ തുക |
|---|---|---|
| 2014-15 | 1,31,090 | 1,31,090 |
| 2015-16 | 2,79,800 | 2,79,800 |
| 2016-17 | 2,54,612.50 | 2,54,612.50 |
| 2017-18 | 2,12,443.50 | 2,12,443.50 |
| 2018-19 | 1,86,900 | 1,86,900 |
| 2019-20 | 13,000 | 13,000 |
| **ആകെ** | **10,77,846** | **10,77,846** |

ഈ തുക ചെലവഴിച്ചതിന്റെ വൌച്ചറുകൾ പൂർണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. പരിശോധനക്കായി നല്കിയ വൌച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

*a.* ***അനുബന്ധം-1-ൽ പറയും പ്രകാരമുള്ള 3,24,176/- രൂപയുടെ 48 വൌച്ചറുകളുടെ അസ്സൽ ലഭ്യമല്ല. ഈ വൌച്ചറുകളുടെ Photocopy മാത്രമാണ് പരിശോധനക്കായി നല്കിയത്.***

*b.* ***അനുബന്ധം-2 ൽ പറയും പ്രകാരം 4,76,842/- രൂപയുടെ 109 അസ്സൽ വൌച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 6,01,004/- രൂപയുടെ അസ്സൽ വൌച്ചറുകൾ ലഭ്യമല്ല. ഈ വൌച്ചറുകൾ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കൈമാറി എന്നാണ് അറിയിച്ചിട്ടുള്ളത്.***

*c.* ***അനുബന്ധം-3 ൽ പറയുന്ന 17,010/- രൂപയുടെ 12 വൌച്ചറുകൾ വാഹന വാടക നല്കിയതിന്റേതാണ്. എന്നാൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഇതോടൊപ്പം ലഭ്യമല്ല. വാഹനങ്ങൾ വാടകയ്ക്ക് വിളിക്കുമ്പോൾ ട്രിപ്പ് ഷീറ്റ് നിർബന്ധമായും വാങ്ങേണ്ടതാണ്. ഇത് പാലിച്ചതായി കാണുന്നില്ല.***

*d.* ***അനുബന്ധം-4 ൽ പറയുന്ന 6 വൌച്ചറുകൾ പ്രകാരം 9,108/- രൂപ വിതരണം നടത്തിയിട്ടുണ്ട്. ഈ വൌച്ചറുകളിൽ ഒന്നും തുക കൈപ്പറ്റിയ ആളുടെയോ/സ്ഥാപനത്തിന്റെയോ പേരോ, വിലാസമോ ലഭ്യമല്ല. ഇവ സാധുവായ വൌച്ചറുകൾ ആയി കണക്കാക്കാൻ കഴിയില്ല.***

*e.* ***അനുബന്ധം-5 ൽ പറയുന്ന 12 വൌച്ചറുകൾ പ്രകാരം 30,000/- രൂപ വിതരണം നടത്തിയിട്ടുണ്ട്. ഈ വൌച്ചറുകളിൽ ഒന്നും തുക കൈപ്പറ്റിയ ആളുടെയോ/സ്ഥാപനത്തിന്റെയോ വിലാസം ലഭ്യമല്ല. ഇവ സാധുവായ വൌച്ചറുകൾ ആയി കണക്കാക്കാൻ കഴിയില്ല.***

*f.* ***അനുബന്ധം-6 ൽ പറയുന്ന 7 വൌച്ചറുകൾ പ്രകാരം 3,03,386/- രൂപ വിതരണം നടത്തിയിരുന്നു. ഇതിലെ എല്ലാ വൌച്ചറുകളും 15,000/- രൂപയ്ക്ക് മുകളിൽ ഉള്ളതാണ്. ക്വട്ടേഷൻ നടപടികൾ പാലിക്കേണ്ടതായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.***

## നിരീക്ഷണങ്ങൾ

A. സർക്കാർ ഖജനാവിലെ പണം പിൻവലിച്ച് ചെലവഴിക്കുമ്പോൾ പുലർത്തേണ്ട സൂക്ഷ്മതയും,ജാഗ്രതയും,സുതാര്യതയും പുലർത്താൻ ചുമതലപ്പെട്ടവർ ശ്രമിച്ചതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പോലീസ് മേധാവിയോ, കൽപ്പറ്റ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറോ യഥാസമയം പരിശോദിച്ച് ആവശ്യമായ തിരുത്തൽ വരുത്താൻ ശ്രമിച്ചിരുന്നുമില്ല.

B. പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകകളുടെ പൂർണമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത് ഗുരുതര വീഴ്ചയാണ്. ഇതു കേരള ഫിനാൻഷ്യൽ കോഡിലെ ചട്ടങ്ങളുടെ ലംഘനമാണ്.

C. ഒരു സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക അതേ വർഷം തന്നെ പൂർണമായി ചെലവഴിക്കേണ്ടതാണ്. ചെലവാകാതെ ശേഷിക്കുന്ന തുക തിരികെ ട്രഷറിയിൽ അടക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇത് പാലിക്കാതെ ഈ തുക തുടർന്നുള്ള വർഷങ്ങളിലെ പദ്ധതി നടത്തിപ്പിന് വിനിയോഗിച്ച നടപടി ചട്ടവിരുദ്ധമാണ്.

D. 15,000 /- രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള ചെലവാക്കലുകൾക്ക് സ്റ്റോർ പർച്ചേസ് നിയമ പ്രകാരം ക്വട്ടേഷൻ നടപടികൾ ബാധകമാണ്. ഇത് പാലിച്ചതായി കാണുന്നില്ല.

E. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പോലീസ് മേധാവി ആയിരുന്നു. ഇതിനാവശ്യമായ തുക വകുപ്പിൽ നിന്നും നല്കുകയായിരുന്നു. പദ്ധതി നടപ്പാക്കിയത്തിന്റെ വിനിയോഗ സാക്ഷ്യപത്രം വകുപ്പിന് നൽകാനുള്ള ഉത്തരവാദിത്വം ജില്ലാ പോലീസ് മേധാവിക്കാണ്. ഇത് ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ചെലവഴിച്ച തുകയുടെ വൌച്ചറുകൾ വയനാട് ജില്ലാ പോലീസ് മേധാവിക്ക് കൈമാറി എന്ന മറുപടി ആണ് പരിശോധനാ സംഘത്തിന് ലഭിച്ചത്. ഇത് ജില്ലാ പോലീസ് മേധാവിയുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്.

F. പദ്ധതിക്ക് അനുവദിച്ച തുക അതാതു വർഷം ചെലവഴിക്കാതെ പോയത് വീഴ്ചയായി കാണുന്നു.

## ശുപാർശ

1) പദ്ധതിക്കായി നടത്തിയ ധനവിനിയോഗത്തിന്റെ സുതാര്യത ഉറപ്പാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകാവുന്നതാണ്.
2) പദ്ധതി നടത്തിപ്പിന്റെ അസ്സൽ വൌച്ചറുകൾ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലോ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിതിയുമായി ബന്ധപ്പെട്ട മറ്റ് പോലീസ് ഉദ്യോഗസ്ഥർക്കോ കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.
3) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളക്ക് അനുവദിക്കുന്ന തുക ചെലവഴിക്കാനുള്ള ചുമതല അതാത് സ്ഥാപനങ്ങളിലെ സീനിയർ സൂപ്രണ്ടുമാർക്ക് നൽകാവുന്നതാണ്.
4) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുകയുടെ കണക്ക് പരിശോധന തൊട്ടടുത്ത വർഷം തന്നെ നടത്താൻ പ്രൊജക്റ്റ് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

## പരിശോധനാ കാലയാളവിൽ ചുമതല വഹിച്ച അദ്ധ്യാപകരുടെ വിവരം

| വർഷം | ഹെഡ്മാസ്റ്റർ | സി.പി.ഒ | എ.സി.പി.ഒ |
|---|---|---|---|
| 2014-15 | വേണുഗോപാൽ PEN-225556 | ജോസ്. കെ.സി PEN-256732 | നജിയ.സി. PEN-289277 |
| 2015-16 | മുരളീധരൻ.റ്റി PEN-219057 | ജോസ്. കെ.സി PEN-256732 | നജിയ.സി. PEN-289277 |
| 2016-17 | മുരളീധരൻ.റ്റി PEN-219057 | ജോസ്. കെ.സി PEN-256732 | നജിയ.സി. PEN-289277 |
| 2017-18 | മുരളീധരൻ.റ്റി PEN-219057 സത്യാനന്ദൻ. എം. PEN-218506 | അബ്ദുറഹ്മാൻ.പി.റ്റി . PEN-256732 | നജിയ.സി. PEN-289277 |
| 2018-19 | സത്യാനന്ദൻ.എം. PEN-218506 വിനോദൻ.പി.എം PEN-225432 | അബ്ദുറഹ്മാൻ.പി.റ്റി . PEN-256732 | നജിയ.സി. PEN-289277 |
| 2019-20 | വിനോദൻ.പി.എം PEN-225432 അബ്ദുറഹ്മാൻ.പി.റ്റി . PEN-256732 | - | നജിയ.സി. PEN-289277 അമ്പിളി.എസ്സ്.വാര്യർ PEN-848403 |

## അനുബന്ധം

| | |
|---|---|
| അനുബന്ധം-1 | അസ്സൽ വൌച്ചറുകൾ ലഭ്യമാക്കാത്ത ചെലവുകളുടെ വിവരം |
| അനുബന്ധം-2 | പരിശോധനക്ക് ഹാജരാക്കിയ അസ്സൽ വൗച്ചറുകളുടെ വിവരം |
| അനുബന്ധം-3 | വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ് വാങ്ങാതെ തുക വിതരണം ചെയ്തതിൻറെ വിവരങ്ങൾ |
| അനുബന്ധം-4 | തുക കൈപ്പറ്റിയ ആളുടെ/ സ്ഥാപനത്തിൻറെ പേരോ, വിലാസമോ രേഖപ്പെടുത്താത്ത വൗച്ചറുകളുടെ വിവരം |
| അനുബന്ധം-5 | തുക കൈപ്പറ്റിയ ആളുടെ/ സ്ഥാപനത്തിൻറെ വിലാസം രേഖപ്പെടുത്താത്ത വൗച്ചറുകളുടെ വിവരം |
| അനുബന്ധം-6 | ക്വട്ടേഷൻ നടപടികൾ പാലിക്കാതെ തുക ചെലവാക്കിയത്തിന്റെ വിവരം |

അരുൺ.എസ്സ്
ജൂനിയർ സൂപ്രണ്ട്
ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് ചാലക്കുടി

# അനുബന്ധം- 1

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

## എം.ആർ.എസ്. പൂക്കോട്

### അസ്സൽ വൌച്ചറുകൾ ലഭ്യമാക്കാത്ത ചെലവുകളുടെ വിവരം (വൌച്ചറുകളുടെ പകർപ്പ് മാത്രം ലഭ്യമാക്കിയത് )

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 1 | DTP charge | Freeland Multimedia | 20.07.16 | 250 |
| 2 | Autorickshaw charge | Najiya.C, ACPO | 20.09.16 | 1000 |
| 3 | Food charges | Nil | Nil | 6228 |
| 4 | Remuneration for Yoga Class | Sumith.J | Nil | 500 |
| 5 | Autorickshaw charge | Najiya.C, ACPO | Nil | 750 |
| 6 | Parcel Charge | Alleppy Parcel Services | 26.09.16 | 780 |
| 7 | Vechicle Charge | Not Available | 28.09.16 | 2400 |
| 8 | Canvas cost | Heba Group | 10.09.16 | 9340 |
| 9 | Canvas cost | Heba Group | 10.09.16 | 7639 |
| 10 | Shoe, Cap, badge, Socks etc | Reliable Traders | Aug-16 | 35596 |
| 11 | TEASHIRT &PANTS | TRENDS SPORT | 20.09.16 | 21945 |
| 12 | PLATE,GLASS ETC | FEBIN COMMUNICATIONS | | 242 |
| 13 | BOKKAI FLOWER | CITY FLOWER TAMARASSERY | | 840 |
| 14 | food items | Mess House | 08.10.16 | 12000 |
| 15 | food items | Mess House | 09.10.16 | 16600 |
| 16 | Class on health & Hygiene | Jibi Pullat | 08.10.16 | 1600 |
| 17 | Awareness class | Basheer | 09.10.16 | 1000 |
| 18 | Magic Show | Mahesh | 09.10.26 | 1500 |
| 19 | Photo charge | Ajanta Digital Studio | 15.10.16 | 800 |
| 20 | Uniform | Leon Tailoring | Nil | 17600 |
| 21 | food items | Punchiri Kudumbasree | 30.10.16 | 4104 |
| 22 | PLATE,GLASS ETC | FEBIN COMMUNICATIONS | Nil | 242 |
| 23 | food items | KV Bakers | 01.08.18 | 3360 |
| 24 | Tea, snacks | Mess House | 15.09.18 | 1280 |
| 25 | Disposible plate etc | Ladies Corner | 25.09.18 | 200 |
| 26 | White Cement | City Pipes & Paints | 25.09.18 | 130 |
| 27 | White Cement | City Pipes & Paints | 26.09.18 | 130 |
| 28 | Tea,snacks | Mess House | 26.09.18 | 4900 |
| 29 | Tourist Taxi Charge | Vismaya Travels | 29.09.18 | 5000 |
| 30 | Tourist Taxi Charge | Vismaya Travels | 29.09.18 | 5000 |
| 31 | Uniform | venus Textiles | 23.01.19 | 76000 |
| 32 | Awareness class | Sajin Jose | 23.01.19 | 500 |
| 33 | Workshop | Mathews | 23.01.19 | 500 |
| 34 | Awareness class | Ashkar Ali | 25.01.19 | 500 |

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 35 | Biriyani | Harris Hotel | 23.01.19 | 10000 |
| 36 | food items | Harris Hotel | 23.01.19 | 3680 |
| 37 | Honararium for DI | Abdul Mubarak | 28.03.19 | 7500 |
| 38 | Honararium for WDI | Rosna.T | 28.03.19 | 7500 |
| 39 | Tea,snacks | KV Bakers | 29.03.19 | 2560 |
| 40 | food items | KV Bakers | 29.0319 | 3680 |
| 41 | Mike set and other items | New Ambili Lights& Sounds | 29.03.19 | 5000 |
| 42 | Taxi Rent | Usman V | 29.03.19 | 4800 |
| 43 | Honararium for CPO | Najiya C | 29.03.19 | 7500 |
| 44 | Honararium for ACPO | Abdul Rahiman | 29.03.19 | 7500 |
| 45 | SPECIAL ALLOWANCE | SREETHU M | 29.2.20 | 2000 |
| 46 | SPECIAL ALLOWANCE | VIPIM K K CPO | 29.2.20 | 9000 |
| 47 | SPECIAL ALLOWANCE | AMBILI S VARIOR | 29.2.20 | 9000 |
| 48 | SPECIAL ALLOWANCE | FUJARA | 29.2.20 | 4000 |
| **ആകെ തുക** | | | | **324176** |

# അനുബന്ധം - 2

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

## എം.ആർ.എസ്. പൂക്കോട്

## പരിശോധനക്ക് ഹാജരാക്കിയ അസ്സൽ വൗച്ചറുകളുടെ വിവരം

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 1 | Tea,Banana Roast | Mess House | 23.09.17 | 880 |
| 2 | Biriyani | Mess House | 02.10.17 | 10000 |
| 3 | Food charges | Mess House | 13.09.17 | 4540 |
| 4 | Food charges | Mess House | 01.10.17 | 7020 |
| 5 | Tea,snacks | KV Bakers | 06.01.18 | 960 |
| 6 | nacks,auto charge | KV Bakers | 10.01.18 | 1770 |
| 7 | Payasam | KV Bakers | 03.01.18 | 1530 |
| 8 | Food charges | Mess House | 18.11.18 | 3640 |
| 9 | Banana, Orange | Thanima Restaurant | 19.01.18 | 800 |
| 10 | Tea, snacks | Thanima Restaurant | 19.01.18 | 1262 |
| 11 | Biriyani | KV Bakers | 21.01.18 | 10200 |
| 12 | Tea, snacks | Thanima Restaurant | 20.01.18 | 1280 |
| 13 | Cake, Banana | Sumin Store | 06.02.18 | 800 |
| 14 | Awareness class | Janardhanan | 01.10.17 | 500 |
| 15 | Awareness class | Daniel | 02.10.17 | 500 |
| 16 | Awareness class | Jiso K Ealias | 02.10.17 | 500 |
| 17 | Awareness class | Marykutty VJ | 06.01.18 | 500 |
| 18 | Awareness class | Basheer.N | 07.02.18 | 1000 |
| 19 | Awareness class | Adv.Sharlet Jacob | 03.02.18 | 500 |
| 20 | Jeep fare | Shaji | 13.10.17 | 620 |
| 21 | Bus fare | Nil | 04.11.17 | 680 |
| 22 | Bus fare | Nil | 11.11.17 | 608 |
| 23 | Bus Rent | Vahid N GVHSS Vythiri | 11.11.17 | 600 |
| 24 | Fuel Charge | Nil | 13.01.18 | 3000 |
| 25 | Bus and driver allowance | Vahid N GVHSS Vythiri | 19.01.18 | 2000 |
| 26 | photostat | net inn internet café | 22.09.17 | 396 |
| 27 | Name Board | Yaan | 28.09.17 | 1540 |
| 28 | No Details Available | Friends Super Market | 11.10.17 | 1496 |
| 29 | T shirt, Pants shoe etc. | Trendz | 09.09.17 | 24624 |
| 30 | Uniform | Sithara Uniforms | 12.01.18 | 58746 |
| 31 | CPO Honararium | Najiya.C HAS | 06.03.18 | 5000 |
| 32 | SPC Summer Camp | K.Muhammed Shafi, Disrict Nodel Officer SPC Project | Nil | 25000 |
| 33 | Biriyani | Thanima Restaurant | 03.03.18 | 5000 |
| 34 | food items | Thanima Restaurant | 20.02.18 | 3360 |

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 35 | food items | Thanima Restaurant | 03.03.18 | 2150 |
| 36 | Tourist Taxi Charge | Vismaya Travels | 05.03.18 | 15599 |
| 37 | Honararium | Seenath | 06.03.18 | 5000 |
| 38 | Bus rent | Abdul Vahid GHSS Vythiri | 06.04.18 | 2500 |
| 39 | Tea, snacks | Mess House | 02.04.18 | 2500 |
| 40 | CHAPPATHI, CHICKEN CURRY | MESS HOUSE THALIPUZHA | 06.07.19 | 4200 |
| 41 | STATIONARYPURCHASE | KANNUR STEEL HOUSE | 18.07.19 | 1183 |
| 42 | MOTIVATION CLASS | ASHKAR ALI | 25.07.19 | 1000 |
| 43 | APPAM CURRY | HOTEL GRAND | 25.07.19 | 3240 |
| 44 | TRANSPORT CHARGE | SHAJI P B(KL11F601) | 29.07.17 | 1200 |
| 45 | TRANSPORT CHARGE | SHAJI P B(KL11F601) | 30.07.19 | 2800 |
| 46 | FOOD ITEMS | MESS HOUSE | 20.06.19 | 2200 |
| 47 | STATIONARYPURCHASE | | 21.06.19 | 110 |
| 48 | APPAM CURRY | HOTEL GRAND | 25.06.19 | 2460 |
| 49 | FLEX | AVC SIGNS VYTHIRI | 25.6.19 | 820 |
| 50 | CHAPPATHI VEG CURRI | HOTEL GRAND | 29.6.19 | 2600 |
| 51 | Awareness Class | RENJINI | 29.6.19 | 1000 |
| 52 | TRANPORTAION | ASHARAF(KL576436) | 01.08.19 | 1200 |
| 53 | FOODEXPENSE | HOTEL THOUFEEQ,THALIPUZHA | 01.08.19 | 1850 |
| 54 | TRANSPORT CHARGE | HAMSA | 2.8.19 | 2400 |
| 55 | APPAM CURRY | Ammas Hotel Thalipuzha | 17.08.19 | 3872 |
| 56 | APPAM CURRY | MESS HOUSE,THALIPPUZHA | 22.8.19 | 3792 |
| 57 | REFRESHMENT CLASS | SURABHI | 20.09.19 | 1000 |
| 58 | REFRESHMENT CLASS | JOSY | 2.9.19 | 1000 |
| 59 | BANNER | AVC SIGNS VYTHIRI | 20.09.19 | 630 |
| 60 | STATIONARYPURCHASE | KANNUR STEEL HOUSE | 20.09.19 | 735 |
| 61 | BIRIYANI,CAKE,PLATE | VADAKARA BAKEGALLERY | 22.9.19 | 9650 |
| 62 | BANANAFRY | NEWFORM RESTAURANT | 22.9.19 | 800 |
| 63 | PEN , BOOK | LULU CENTRE KALPETTA | 22.9.19 | 295 |
| 64 | FANCY | VANITHA FANCY KUNNAMANGALAM | 25.9.19 | 915 |
| 65 | BAKERY | TASTY BAKERY OLD VYTHIRI | 2.10.19 | 640 |
| 66 | BAKERY | TASTY BAKERY OLD VYTHIRI | 16.10.19 | 640 |
| 67 | BAKERY | TASTY BAKERY OLD VYTHIRI | 23.10.19 | 550 |
| 68 | STATIONARYPURCHASE | | 4.11.19 | 100 |
| 69 | REFRESHMENT CLASS | | 5.11.19 | 130 |
| 70 | REFRESHMENT CLASS | | 5.11.19 | 140 |
| 71 | REFRESHMENT CLASS | MESS HOUSE | 6.11.19 | 3080 |
| 72 | TRANSPORT CHARGE | PALM BAKERY | 7.11.19 | 140 |
| 73 | TRANSPORT CHARGE | PALM BAKERY | 7.11.19 | 840 |

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 74 | TRANSPORT CHARGE | NEWFORM RESTAURANT | 8.11.19 | 960 |
| 75 | REFRESHMENT CLASS | TASTY BAKERY OLD VYTHIRI | 14.11.19 | 720 |
| 76 | REFRESHMENT CLASS | TASTY BAKERY OLD VYTHIRI | 28.11.19 | 540 |
| 77 | STATIONARYPURCHASE | CRYONS PRINT | 10.12.19 | 1000 |
| 78 | SAMOOSA | INDIAN COFFE HOUSE | 14.12.19 | 880 |
| 79 | APPAM CURRY | MESS HOUSE | 15.01.20 | 3320 |
| 80 | BIRIYANI COOKING | BASHEER | 18.01.20 | 9000 |
| 81 | REFRESHMENT CLASS | ASHKAR ALI | 18.01.20 | 1000 |
| 82 | CAKE | Ammas Hotel Thalipuzha | 19.01.20 | 960 |
| 83 | SPEAKER RENT | NEW AMBILY SOUNDS VYTHIRI | 19.01.20 | 1100 |
| 84 | APPAM CURRY | MESS HOUSE | 22.01.20 | 3320 |
| 85 | APPAM CURRY | MESS HOUSE | 26.01.20 | 3320 |
| 86 | STATIONARYPURCHASE | CRYONS PRINT | 10.12.19 | 1000 |
| 87 | SAMOOSA | INDIAN COFFE HOUSE | 14.12.19 | 880 |
| 88 | APPAM CURRY | MESS HOUSE | 01.2.20 | 3080 |
| 89 | TRANSPORT CHARGE | NOUSHAD KL 12 7060 | 8.2.20 | 600 |
| 90 | BAKERY | Malabar Bakes Panamaram | 8.2.20 | 90 |
| 91 | TRANSPORT CHARGE | KSRTC | 8.2.20 | 124 |
| 92 | TRANSPORT CHARGE | SHAJI P B(KL11F601) | 14.2.20 | 600 |
| 93 | SPICES | NEST LAKKIDI | 14.2.20 | 400 |
| 94 | TRANSPORT CHARGE | NOUSHAD KL 12 7060 | 18.2.20 | 90 |
| 95 | STATIONARY PURCHASE | LADIES CORNER VYTHIRI | 18.2.20 | 220 |
| 96 | APPAM CURRY | MESS HOUSE | 22.2.20 | 3360 |
| 97 | BAKERY | TASTY BAKERY OLD VYTHIRI | 27.2.20 | 910 |
| 98 | BANANAFRY | Ammas Hotel Thalipuzha | 29.2.20 | 880 |
| 99 | TRANSPORT CHARGE | ASHRAF K C | 29.2.20 | 1600 |
| 100 | STATIONARY PURCHASE | Prakash Photostat Kalpetta | 7.3.20 | 175 |
| 101 | SPECIAL ALLOWANCE | ANUDAS TT | 29.2.20 | 9000 |
| 102 | SPECIAL ALLOWANCE | VIPIM K K CPO | 18.3.20 | 1000 |
| 103 | SPECIAL ALLOWANCE | SMITHA V | 18.3.20 | 1000 |
| 104 | SPECIAL ALLOWANCE | ANANDUS T T | 18.3.20 | 1000 |
| 105 | SPECIAL ALLOWANCE | AMBILI S VARIOR | 18.3.20 | 1000 |
| 106 | SPECIAL ALLOWANCE | ANUDAS TT | 18.3.20 | 2000 |
| 107 | SPECIAL ALLOWANCE | AMBILI S VARIOR | 18.3.20 | 2000 |
| 108 | UNIFORM FOR 40 CADET | Amigo Unizorn Nilambur | 17.3.20 | 76000 |
| 109 | UNIFORM FOR 40 CADET | Amigo Unizorn Nilambur | 17.3.20 | 77900 |
| ഹാജരാക്കിയ അസ്സൽ വൗച്ചറുകളുടെ ആകെ തുക | | | | **476842** |

## അനുബന്ധം - 3

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

## എം.ആർ.എസ്. പൂക്കോട്

### വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ് വാങ്ങാതെ തുക വിതരണം ചെയ്തതിൻറെ വിവരങ്ങൾ

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 1 | Jeep fare | Shaji | 13.10.17 | 620 |
| 2 | Bus Rent | Vahid N GVHSS Vythiri | 11.11.17 | 600 |
| 3 | Bus and driver allowance | Vahid N GVHSS Vythiri | 19.01.18 | 2000 |
| 4 | TRANSPORT CHARGE | SHAJI P B(KL11F601) | 29.07.17 | 1200 |
| 5 | TRANSPORT CHARGE | SHAJI P B(KL11F601) | 30.07.19 | 2800 |
| 6 | TRANPORTAION | ASHARAF(KL576436) | 01.08.19 | 1200 |
| 7 | TRANSPORT CHARGE | HAMSA | 2.8.19 | 2400 |
| 8 | Bus rent | Abdul Vahid GHSS Vythiri | 06.04.18 | 2500 |
| 9 | Vechicle Charge | Not Available | 28.09.16 | 2400 |
| 10 | TRANSPORT CHARGE | NOUSHAD KL 12 7060 | 8.2.20 | 600 |
| 11 | TRANSPORT CHARGE | SHAJI P B(KL11F601) | 14.2.20 | 600 |
| 12 | TRANSPORT CHARGE | NOUSHAD KL 12 7060 | 18.2.20 | 90 |
| **ആകെ തുക** | | | | **17010** |

# അനുബന്ധം - 4

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

## എം.ആർ.എസ്. പൂക്കോട്

## തുക കൈപ്പറ്റിയ ആളുടെ/ സ്ഥാപനത്തിൻറെ പേരോ, വിലാസമോ രേഖപ്പെടുത്താത്ത വൗച്ചറുകളുടെ വിവരം

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 1 | Food charges | Nil | Nil | 6228 |
| 2 | Vechicle Charge | Nil | 28.09.16 | 2400 |
| 3 | STATIONARYPURCHASE | Nil | 21.06.19 | 110 |
| 4 | STATIONARYPURCHASE | Nil | 4.11.19 | 100 |
| 5 | REFRESHMENT CLASS | Nil | 5.11.19 | 130 |
| 6 | REFRESHMENT CLASS | Nil | 5.11.19 | 140 |
| ആകെ തുക | | | | **9108** |

# അനുബന്ധം - 5

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

## എം.ആർ.എസ്. പൂക്കോട്

### തുക കൈപ്പറ്റിയ ആളുടെ/ സ്ഥാപനത്തിൻറെ വിലാസം രേഖപ്പെടുത്താത്ത വൗച്ചറുകളുടെ വിവരം

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 1 | MOTIVATION CLASS | ASHKAR ALI | 25.07.19 | 1000 |
| 2 | REFRESHMENT CLASS | SURABHI | 20.09.19 | 1000 |
| 3 | REFRESHMENT CLASS | JOSY | 2.9.19 | 1000 |
| 4 | BIRIYANI COOKING | BASHEER | 18.01.20 | 9000 |
| 5 | REFRESHMENT CLASS | ASHKAR ALI | 18.01.20 | 1000 |
| 6 | SPECIAL ALLOWANCE | ANUDAS TT | 29.2.20 | 9000 |
| 7 | SPECIAL ALLOWANCE | VIPIM K K CPO | 18.3.20 | 1000 |
| 8 | SPECIAL ALLOWANCE | SMITHA V | 18.3.20 | 1000 |
| 9 | SPECIAL ALLOWANCE | ANANDUS T T | 18.3.20 | 1000 |
| 10 | SPECIAL ALLOWANCE | AMBILI S VARIOR | 18.3.20 | 1000 |
| 11 | SPECIAL ALLOWANCE | ANUDAS TT | 18.3.20 | 2000 |
| 12 | SPECIAL ALLOWANCE | AMBILI S VARIOR | 18.3.20 | 2000 |
| ആകെ തുക | | | | **30000** |

# അനുബന്ധം - 6

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

## എം.ആർ.എസ്. പൂക്കോട്

### ക്വട്ടേഷൻ നടപടികൾ പാലിക്കാതെ തുക ചെലവാക്കിയത്തിന്റെ വിവരം

| SL NO | ITEM DETAILS | PAYEES DETAILS | VOUCHER DATE | AMOUNT |
|---|---|---|---|---|
| 1 | Shoe, Cap, badge, Socks etc | Reliable Traders | 01.08.2016 | 35596 |
| 2 | TEASHIRT &PANTS | TRENDS SPORT | 20.09.16 | 21945 |
| 3 | Uniform | Leon Tailoring | Nil | 17600 |
| 4 | Uniform | Sithara Uniforms | 12.01.18 | 58746 |
| 5 | Tourist Taxi Charge | Vismaya Travels | 05.03.18 | 15599 |
| 6 | UNIFORM FOR 40 CADET | Amigo Unizorn Nilambur | 17.3.20 | 76000 |
| 7 | UNIFORM FOR 40 CADET | Amigo Unizorn Nilambur | 17.3.20 | 77900 |
| ആകെ | | | | **303386** |

# പട്ടികവർഗ്ഗ വികസന വകുപ്പ്

# വകുപ്പുതല കണക്ക് പരിശോധനാ റിപ്പോർട്ട്

## ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി

(01.04.2017 മുതൽ 31.03.2020 വരെ)

## ഭാഗം-1

1. ആമുഖം

സുൽത്താൻ ബത്തേരി താലൂക്കിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് മുഖേനെയാണ്. 18,037 പട്ടികവർഗ്ഗ കുടുംബങ്ങളിൽ ആയി 62,320 പട്ടികവർഗ്ഗക്കാർ ഇവിടെ താമസിക്കുന്നു. ഇതിൽ 30,057 പേർ പുരുഷന്മാരും 32,263 പേർ വനിതകളുമാണ്. 1215 പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ ഇവിടെ സ്ഥിതി ചെയ്യുന്നു.

അഞ്ച് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളും, 11 പ്രീ-മെട്രിക് ഹോസ്റ്റലുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും, രണ്ട് നഴ്സറി സ്കൂളുകളും, രണ്ട് ഐ.റ്റി.സി കളും, ഒരു ആയുർവേദ ഡിസ്പെൻസറിയും, രണ്ട് എ.എൻ.എം സെന്ററുകളും സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റ അധീനതയിൽ പ്രവർത്തിച്ചു വരുന്നു.

2. ആഡിറ്റ് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

ഓഡിറ്റ് കാലയളവ് : 01.04.2017 മുതൽ 31.03.2020 വരെ

പരിശോധന നടത്തിയ തീയതി: 17.01.2022 മുതൽ 22.01.2022

A. പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ വിവരം

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | പെൻ നമ്പർ |
|---|---|---|---|
| 1 | ഷിനു. എസ് | ജൂനിയർ സൂപ്രണ്ട്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് | 158501 |
| 2 | അനൂപ്കുമാർ പി. സി | മാനേജർ, എം.ആർ.എസ് ഇടുക്കി | 373318 |
| 3 | അഗിലേഷ്. പി. വി | സീനിയർ ക്ലർക്ക്, ഐ.റ്റി.ഡി.പി കൽപ്പറ്റ | 769384 |
| 4 | സിജു ലൂക്കോസ് | സീനിയർ ക്ലർക്ക് ഐ.റ്റി.ഡി.പി കൽപ്പറ്റ | 572055 |
| 5 | ഷിജി. കെ. കെ | സീനിയർ ക്ലർക്ക് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, മാനന്തവാടി | 748309 |

**B.** ഓഡിറ്റ് കാലയളവിൽ ജോലി നോക്കിയ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ വിവരം

| ക്രമ നമ്പർ | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ പേര് | കാലയളവ് | പെൻ നമ്പർ |
|---|---|---|---|
| 1 | വി. ആർ മധു | 28/03/2016 – 22/07/2017 | 178699 |
| 2 | റ്റി. ശ്രീകുമാരൻ | 02/08/2017 –20/02/2018 | 158492 |
| 3 | സി. ഇസ്മായിൽ | 21/02/2018 – 10/01/2022 | 178679 |

**C.** ഓഡിറ്റ് കാലയളവിൽ ജോലി നോക്കിയ ജൂനിയർ സൂപ്രണ്ടുമാരുടെ വിവരം

| ക്രമ നമ്പർ | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ പേര് | കാലയളവ് | പെൻ നമ്പർ |
|---|---|---|---|
| 1 | സി കെ ജോഷി മോൻ | 13/07/16 – 06/03/2021 | 178659 |
| 2 | രജീഷ് കെ ആർ | 12/04/2021 – continue | 178637 |

## D. AG AUDIT

| Sl No | Name of Office | AG No | DSTD No | TDO No | Total No. of para | Balance Pending Paras | Remarks |
|---|---|---|---|---|---|---|---|
| 1 | TDO S Bathery | 12-99/09-10 | G1-8404/10 | B-826/10 | 8 | 1 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2 | TDO S Bathery | 12-530/12-13 | G1-8689/12 | B-1133/12 | 8 | 2 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 3 | TEO Cheengeri | 12-16/12-13 | G1-12036/12 | B-2656/12 | 10 | 1 | ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| 4 | TEO Pulpally | 12-34/12-13 | G1-11604/12 | TEO | 5 | 2 | തുക തിരിച്ചടച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അന്നത്തെ ട്രൈബൽ എക്സറ്റൻഷൻ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട് |
| 5 | TDO S Bathery | 12-155/13-14 | G1-2222/14 | B-649/14 | 15 | 4 | ഫയലുകൾ പരിശോധിച്ച് അന്തിമ മറുപടി തയ്യാറാക്കാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | TDO S Bathery | 12-189/14-15 | G1-404/15 | B-5214/14 | 14 | 1 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 7 | TEO Pulpally | 12-03/15-16 | G1-7411/15 | B-1648/15 | 5 | 3 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 8 | TEO Pulpally | 12-04/15-16 | G1-6939/15 | B-5408/15 | 4 | 1 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 9 | TDO S Bathery | 12-148/15-16 | G1-923/16 | B-5316/15 | 11 | 4 | ഒരു ഖണ്ഡിക ഒഴികെ ബാക്കിയുള്ളതിന് മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 10 | TDO S Bathery | 12-132/16-17 | G1-21971/16 | B-4863/16 | 6 | 4 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 11 | TDO S Bathery | SGSIII(HQ)IV/I/12-5/18-19/D2 | G1-9643/18 | B-2151/17 | 7 | 7 | എല്ലാ ഖണ്ഡികകൾക്കും മറുപടി നൽകിയിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ എ ജി യുടെ അഭിപ്രായങ്ങൾ ഒന്നും ലഭ്യമായിട്ടില്ല |
| 12 | TDO S Bathery | SGSIII(HQ)IV/I/I/12-327/19-20/148 | G1-3762/2020 | B-3878/19 | 20 | 17 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| | | | | | **86** | **23** | |

## E. INTERNAL AUDIT

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | TDO S Bathery | 01/04/1993-31/03/1998 | G2-2007/99 | B-1833/99 | 194 | 40 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| 2 | TDO S Bathery | 01/04/1998-31/03/2000 | G2-16760/05 | B-2233/04 | 85 | 6 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| 3 | TDO S Bathery | 01/04/1998-31/03/2004 | G2-11921/08 | B-5502/07 | 75 | 14 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| 4 | TDO S Bathery | 01/04/2004-31/03/2008 | G2-578/09 | B-1292/09 | 83 | 18 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| 5 | TDO S Bathery | 01/04/2008-31/03/2010 | G-7558/16 | B-3441/16 | 90 | 46 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| 6 | TDO S Bathery | 01/04/2010-31/03/2013 | G2-8080/17 | B-1797/17 | 39 | 31 | അന്തിമ മറുപടി ഉടൻ സമർപ്പിക്കുന്നതാണ് |
| | | | | | **566** | **155** | |

# PART -II
# MAJOR IRREGULARITY

## I. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളും ചെലവഴിക്കാത്ത നീക്കിയിരിപ്പും

സുൽത്താൻബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കീഴിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ വിവിധ ബാങ്കുകളിലെയും, കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെയും അക്കൗണ്ടുകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ട്രൈബൽ സബ്പ്ലാൻ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ തുടങ്ങിയതും, നീക്കിയിരിപ്പ് തുക അവശേഷിക്കുന്നതുമായ അക്കൗണ്ടുകളും, വകുപ്പിലെ ചില പദ്ധതികളുടെ ഭാഗമായി ആരംഭിച്ച ജോയിന്റ് അക്കൗണ്ടുകളും ഈ കൂട്ടത്തിലുണ്ട്. എന്നാൽ ഓഫീസുകളിലെ കാഷ് ബുക്കുകളിൽ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരുപ്പുള്ള ഈ തുകകൾ ഉൾപ്പെട്ടിട്ടുമില്ല. സർക്കാർ ധനകാര്യ ചട്ടങ്ങൾക്കും, നടപടിക്രമങ്ങൾക്കും വിരുദ്ധമായി ഇത്തരം ബാങ്ക് അക്കൗണ്ടും, ബാലൻസ് തുകയും അനിശ്ചിതമായി തുടരുന്നത് അഭിലഷണീയമല്ല. നിലവിലുള്ള അത്തരം ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| SL. No | TEO | No.of Bank A/Cs | Cash balance @all A/Cs | Remarks |
|---|---|---|---|---|
| 1 | PULPALLY | 4 | 6,26,461 | |
| 2 | POOTHADY | 8 | 1,38,706 | |
| 3 | NOOLPUZHA | 5 | 10,62,841 | |
| 4 | SULTHANBATHERI | 1 | 1,169 | |
| 5 | CHEENGERI | 2 | 12,50,594 | |
| | **TOTAL** | **20** | **30,79,771** | |

1. പുൽപ്പള്ളി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ കാനറാ ബാങ്കിലും (അക്കൗണ്ട് നം. 0863101029506) എസ് ബി റ്റി (10662633388) യിലും നിലവിലുള്ള രണ്ട് അക്കൗണ്ടുകളിലായി 2,15,953/- രൂപയും വയനാട് ജില്ലാ സഹകരണബാങ്കിലെ അക്കൗണ്ടിൽ 1,41,403/- രൂപയും പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ 2,69,105/- രൂപയും ഉൾപ്പെടെ ആകെ 6,26,461/- രൂപ നീക്കിയിരുപ്പുണ്ട്. ഈ തുകകളുടെ ഉറവിടമോ വിശദാംശങ്ങളോ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ ലഭ്യമല്ല. ഓഫീസ് ക്യാഷ്ബുക്കിൽ തുക

ഉൾപ്പെട്ടിട്ടില്ല. സഹകരണ ബാങ്കുകളിലെ അക്കൗണ്ടുകൾ മുള്ളൻക്കൊല്ലി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടുകളാണ്.

2. പൂതാടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ ആകെ എട്ട് അക്കൗണ്ടുകളിലായി 1,38,706/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ മീനങ്ങാടി യൂക്കോബാങ്കിലെ 31310110022924 അക്കൗണ്ട് പൂതാടി ട്രൈബൽ വെൽഫയർ സൊസൈറ്റി പ്രവർത്തനഫണ്ടിനത്തിൽ തുടങ്ങിയതാണ്. ഈ ജോയിന്റ് അക്കൗണ്ടിൽ 12,880/- രൂപ അവശേഷിക്കുന്നു. മറ്റ് ഏഴ് അക്കൗണ്ടുകളിലായി നീക്കിയിരിപ്പുള്ള 1,25,826/- രൂപയുടെ ഉറവിടങ്ങളോ വിശദാംശങ്ങളോ അക്കൗണ്ട് തുടങ്ങാനിടയായ സാഹചര്യമോ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ ലഭ്യമല്ല.

3. നൂൽപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ 5 അക്കൗണ്ടുകളിലായി 10,62,841/- രൂപയാണ് അവശേഷിക്കുന്നത്. കാനറാബാങ്കിലെ 3 അക്കൗണ്ടുകൾ 2019 ൽ ഗോത്രജീവിക സ്വാശ്രയസംഘങ്ങൾക്കായി തുടങ്ങിയ ജോയിന്റ് അക്കൗണ്ടുകളാണ്. 9,57,956/- രൂപ ഈ 3 അക്കൗണ്ടുകളിലായി അവശേഷിക്കുന്നു. ഗോത്രജീവിക സ്വാശ്രയ സംഘങ്ങൾ പ്രവർത്തനം നിശ്ചലമാവുകയും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന പണം ചെലവഴിക്കാതിരിക്കുകയും ചെയ്തുവെന്ന് മനസിലാക്കുന്നു. മറ്റൊരു അക്കൗണ്ടിൽ (എസ്.ബി.ഐ) 98261/- രൂപ എസ്.സി.എ ടു ടി . എസ്. പി നടത്തിപ്പിനായി അനുവദിച്ച ഫണ്ടാണ്. നൂൽപ്പുഴ ട്രൈബൽ വെൽഫയർ സൊസൈറ്റിയിലെ ജോയിന്റ് അക്കൗണ്ടിൽ (ബാങ്ക് ഓഫ് ബറോഡ) 6624/- രൂപയും നീക്കിയിരിപ്പുണ്ട്.

4. സുൽത്താൻബത്തേരി ട്രൈബൽ എക്സ്റ്റൻഷൻ വയനാട് ജില്ലാ സഹകരണ ബാങ്കിലെ ചുള്ളിയോട് ശാഖയിൽ പലിശയിനത്തിൽ 1169/- രൂപ അവശേഷിക്കുന്നു. ആയത് തിരിച്ചടച്ച് അക്കൗണ്ട് ഇത് വരെ ക്ലോസ് ചെയ്തിട്ടില്ല.

5. ചീങ്ങേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ രണ്ട് ബാങ്ക് അക്കൗണ്ടുകളിലായി 12,50,594/- രൂപ നീക്കിയിരിപ്പുണ്ട്. മീനങ്ങാടി, അമ്പലവയൽ ഗ്രാമപഞ്ചായത്തുകളിലെ ഭവനപദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടാണ് ഈ അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതെന്ന് മനസിലാക്കുന്നു.

കേരളാ ഫിനാൻഷ്യൽ കോഡ് Volume-1 ലെ ആർട്ടിക്കിൾ 4 പ്രകാരം സർക്കാർ പണം കൈകാര്യം ചെയ്യുന്നതിലും അത് കൈമാറ്റം ചെയ്യുന്നതിലും

പാലിക്കേണ്ട വ്യവസ്ഥകൾ സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാര പരിധിയിലുള്ള ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ പാലിച്ചിട്ടില്ല. ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളിൽ സമയ ബന്ധിതമായി ചെലവഴിക്കാതിരുന്ന സർക്കാർ ഫണ്ട് ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത് ചട്ടവിരുദ്ധമായിട്ടാണ്. ഫണ്ടിന്റെ ഉറവിടങ്ങൾ ഉൾപ്പെടെ കൃത്യമായ വിവരങ്ങളും വിശദീകരണങ്ങളും ലഭ്യമാക്കുക.

## PART -III

## OTHER IRREGULARITIES

### I. SCA To TSP (TSS) 2017-18 - C.1637/18 നമ്പർ ഫയൽ

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 09.08.2017 ലെ എ1-5367/17 നമ്പർ ഉത്തരവ് പ്രകാരം 62 ലക്ഷം രൂപയാണ് സുൽത്താൻ ബത്തേരി ഓഫീസിന് 2017-18 വർഷം SCA to TSP പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചത്. 2017-18 വർഷത്തെ SCA to TSP പദ്ധതി നിർവ്വഹണത്തിനായുള്ള പദ്ധതികൾ അംഗീകരിക്കുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് 23.02.2018 ലാണ് മീറ്റിംഗ് കൂടിയിരിക്കുന്നത്. ചുവടെ പറയുന്ന പദ്ധതികളാണ് ടി വർഷം ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് നിർവ്വഹണം നടത്തിയത്.

| ക്രമ നം | പദ്ധതി | തുക | നിർവ്വഹണം |
|---|---|---|---|
| 1. | ഗോത്രതാളം (കലാസംഘത്തിന് വാദ്യോപകരണം വാങ്ങി നൽകുന്നത്) | 3,20,560/- | പൂതാടി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ |
| 2. | ടെയിലറിംഗ് യൂണിറ്റ് | 20,000/- | ചീങ്ങേരി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ |
| 3. | ആടു വളർത്തൽ യൂണിറ്റ് | 23,58,120/- | ജില്ലാ മൃഗ സംരക്ഷണ വകുപ്പ് |
| 4. | കന്നുകാലി വളർത്തൽ യൂണിറ്റ് | 29,66,500/- | ജില്ലാ മൃഗ സംരക്ഷണ വകുപ്പ് |
| 5. | ടെയിലറിംഗ് യൂണിറ്റ് | 15,105/- | പൂതാടി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ |
| 6. | പവർ ടില്ലർ, വീഡ് കട്ടർ | 4,05,375/- | റെയ്ഡ്കോ & ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ |
| 7. | പൗൾട്രി യൂണിറ്റ് | 14,340/- | മൃഗ സംരക്ഷണ വകുപ്പ് |

2017-18 വർഷം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്കനുവദിച്ച 62 ലക്ഷം രൂപയിൽ **53,38,960/- രൂപയും മൃഗപരിപാലന പദ്ധതികൾക്കായി മൃഗ സംരക്ഷണ** വകുപ്പിനെ നിർവ്വഹണത്തിനായി ഏല്പിച്ചിരുന്നു. എന്നാൽ നാളിതുവരെ ടി പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് അത്യന്തം ഗൗരവമായി വീക്ഷിക്കുന്നു. 2017-18 വർഷത്തെ SCA to TSP പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പരാമർശങ്ങൾക്ക് വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദീകരണം നല്കേണ്ടതാണ്.

1. പട്ടികവർഗ്ഗക്കാരുടെ വികസന വിടവ് നികത്താനായി 100% കേന്ദ്ര സഹായ പദ്ധതി വിഹിതമായി ലഭിക്കുന്ന SCA to TSP പദ്ധതി മാർഗ നിർദ്ദേശങ്ങൾ **(F.No. 11015/06/2016- SG-11-GOI- 17.06.2016)** പരിഗണിക്കാതെയാണ് 2017-18 വർഷം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ പദ്ധതി ആസൂത്രണം നടന്നിട്ടുള്ളത്. ഏറ്റവും കൂടുതൽ വിഹിതം നീക്കി വയ്ക്കേണ്ട വിദ്യാഭ്യാസ സെക്ടറിൽ (40% - 50%) ഒരു പദ്ധതി പോലും നടപ്പ് വർഷം ആസൂത്രണം ചെയ്തിരുന്നില്ല. ആരോഗ്യ സെക്ടറിലും (10%-15%) യാതൊരു പദ്ധതിയും വകയിരുത്തിയിരുന്നില്ല. ഫണ്ടിന്റെ വിനിയോഗത്തിൽ 20 മുതൽ 30 % വരെ പരിഗണിക്കേണ്ട കാർഷിക, കന്നുകാലി പരിപാലത്തിൽ 90% ഫണ്ടും വകയിരുത്തുകയും ബാക്കിയുള്ളവ മറ്റു വരുമാനദായക പരിപാടികൾക്കായി മാറ്റി വയ്ക്കുകയും ചെയ്തു.
2. 2017 ആഗസ്റ്റ് മാസം (09.08.2017) ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭ്യമായിരുന്നെങ്കിലും പദ്ധതി നിർവ്വഹണത്തിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് 2018 ഫെബ്രുവരി മാസത്തി (23.02.2018) ലാണ് നടക്കുന്നത്. സാമ്പത്തിക വർഷാന്ത്യം പദ്ധതി നിർവ്വഹണത്തിന് യാതൊരു മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും നടത്താനാകാതെ പദ്ധതികൾ പരാജയപ്പെട്ടതിന് പ്രധാന കാരണം പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തത് കൊണ്ടായിരുന്നു.
3. ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെട്ട മൃഗസംരക്ഷണ വകുപ്പിന്റെ ജില്ലാ ഓഫീസർക്ക് 12.03.2018 ൽ **ട്രൈബൽ ഡെവല്പമെന്റ് ഓഫീസർ കത്തെഴുതുകയും 19.03.2018, 20.03.2018 തീയതികളിലെ ഉത്തരവുകൾ മുഖാന്തിരം ബന്ധപ്പെട്ട മൃഗസംരക്ഷണ വകുപ്പ്** ഉദ്യോഗസ്ഥർക്ക് ഫണ്ടുകൾ കൈമാറുകയും ചെയ്തു. പദ്ധതി വിശദാംശങ്ങളോ അംഗീകരിക്കപ്പെട്ട ഗുണഭോക്തൃ പട്ടികകളോ യൂണിറ്റ് കോസ്റ്റോ സംബന്ധിച്ച ആധികാരിക വിവരങ്ങളൊന്നും കൂടാതെയാണ്

മൃഗസംരക്ഷണ വകുപ്പ് അധികൃതർക്ക് ഫണ്ട് കൈമാറിയിട്ടുള്ളത്. 2018 ഏപ്രിൽ 4 നാണ് യൂണിറ്റ് കോസ്റ്റുൾപ്പെടെയുള്ള വിവരങ്ങൾ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ബന്ധപ്പെട്ട മൃഗസംരക്ഷണ വകുപ്പധികൃതർക്ക് നല്കിയിട്ടുള്ളത്.

വേണ്ടത്ര മുന്നൊരുക്കമോ ആസൂത്രണമോ കൂടാതെ, ഫണ്ട് വിനിയോഗിച്ചു എന്ന് കണക്ക് കാണിക്കാൻ വേണ്ടി മാത്രം ചെയ്ത, പട്ടികവർഗ്ഗക്കാർക്ക് ഏറ്റവും പ്രയോജനം ലഭിക്കേണ്ട SCA to TSP പദ്ധതി അപ്രകാരം പരാജയപ്പെട്ട ഒന്നായി മാറി. പദ്ധതി വിനിയോഗിക്കാൻ ചുമതല ലഭിച്ച ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഇക്കാര്യത്തിൽ യാതൊരു താത്പര്യവും എടുത്തിട്ടില്ലെന്നും അനുവദിച്ച ഫണ്ടുകൾ ചുവടെ പറയും പ്രകാരം ആ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലാണെന്നുമുള്ളത് ഗൗരവമായി നിരീക്ഷിക്കുന്നു.

| | | |
|---|---|---|
| 1 | വെറ്റിനറി സർജൻ, സുൽത്താൻ ബത്തേരി | Rs. 2,19,360 |
| 2 | വെറ്റിനറി സർജൻ, നെന്മേനി | Rs. 3,83,880 |
| 3 | വെറ്റിനറി സർജൻ, അമ്പലവയൽ | Rs. 13,07,900 |
| 4 | വെറ്റിനറി സർജൻ, പുൽപ്പള്ളി | Rs. 13,43,180 |
| 5 | വെറ്റിനറി സർജൻ, മുള്ളൻകൊല്ലി | Rs. 17,55,600 |

പദ്ധതി നിർവ്വഹണത്തിന് ഫണ്ടനുവദിച്ചിട്ട് നാല് വർഷം പൂർത്തിയാകുമ്പോൾ പോലും പാവപ്പെട്ട പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതെ ഫണ്ട് വിനിയോഗിക്കാതെയും അവശേഷിക്കുന്നുവെന്നത് ഗുരുതരമായ കൃത്യവിലോപമായും കെടുകാര്യസ്ഥതയായും കണക്കാക്കുന്നു.

4. മറ്റൊരു വകുപ്പിനെ പദ്ധതി നിർവ്വഹണത്തിന് ചുമതലപ്പെടുത്തുമ്പോൾ നിർവ്വഹണത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നുവെന്നും പദ്ധതി പൂർത്തിയാക്കുന്നുവെന്നും പട്ടികവർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തേണ്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളും ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയുന്നില്ലെന്നും കണ്ടെത്തി നല്കിയ ഗുണഭോക്താക്കൾക്ക് പദ്ധതിയോട് താല്പര്യമില്ലെന്നും താത്പര്യമുള്ള ഗുണഭോക്താക്കൾക്ക് ആധാർകാർഡോ, ബാങ്ക് അക്കൗണ്ടോ ഇല്ലെന്നും മൃഗ പരിപാലനത്തിനുള്ള കൂട് നിർമ്മാണത്തിന് സ്ഥലമില്ലാത്തവരെ പോലും മൃഗപരിപാലന പദ്ധതിയ്ക്ക് തിരഞ്ഞെടുത്തു വെന്നുമുള്ള പരാമർശങ്ങൾ മൃഗസംരക്ഷണ വകുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ട് വകുപ്പുകളും തമ്മിലുള്ള ഏകോപനമില്ലായ്മയാണ് പദ്ധതിയുടെ പൂർണ്ണ പരാജയത്തിന് പ്രധാന കാരണം.

5. റെയ്ഡ്കോ മുഖേന പർചേയ്സ് ചെയ്തതും ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ മുഖേന വിതരണം ചെയ്തതുമായ പവർടില്ലർ, വീഡ്കട്ടർ തുടങ്ങിയ ഉപകരണങ്ങൾ നല്കിയതിന്റെ വിനിയോഗ വിവരങ്ങൾ പ്രവർത്തന റിപ്പോർട്ട് എന്നിവ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ല.
6. 2016-17 ൽ ഫണ്ടനുവദിച്ച SCA to TSP പദ്ധതിയ്ക്ക് നാളിതുവരെ വിനിയോഗ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഡയറക്ടർക്ക് സമർപ്പിക്കുവാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കഴിഞ്ഞിട്ടില്ല.

## II. SCA To TSS (TSP) 2019-2020 - C.5585/19 നമ്പർ ഫയൽ

2019-20 വർഷത്തെ SCA to TSP (TSS) പദ്ധതി നിർവ്വഹണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 27.06.2019 ലെ എ1-10319/19 നമ്പർ ഉത്തരവായി 35 ലക്ഷം രൂപയുടെ അലോട്ട്മെന്റ് സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നല്കിയിരുന്നു. 04.10.2019 ലെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി തീരുമാന പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ നിർവ്വഹണത്തിന് തീരുമാനമെടുത്തിരുന്നു.

| ക്രമ നം | പദ്ധതി | തുക |
|---|---|---|
| 1) | നെൽകൃഷി സഹായം | 17,80,000 |
| 2) | പവർടില്ലർ വിതരണം | 5,09,400 |
| 3) | പോത്തുകുട്ടി വളർത്തൽ | 1,50,000 |
| 4) | ആടുവിതരണം | 4,93,560, |
| 5) | പശു വളർത്തൽ | 6,18,500 |

മൃഗസംരക്ഷണ വകുപ്പിന്റെ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ മൃഗപരിപാലന പദ്ധതിയും കൃഷിവകുപ്പിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കാർഷിക പദ്ധതിയും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ മുഖേന നടത്തുന്നതിനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പദ്ധതി പാസ്സാക്കിയിട്ടും നെൽകൃഷി പദ്ധതി നടപ്പിലാക്കാതെ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് പകരം നടപ്പിലാക്കിയത്. നടപ്പിലാക്കിയ പദ്ധതികളെ ചുവടെ പറയും പ്രകാരം സംക്ഷിപ്തപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | പവർടില്ലർ വിതരണം | 11,88,600 |
| 2 | ആടുവളർത്തൽ | 9,32,280 |
| 3 | കന്നുകാലി വളർത്തൽ | 10,37,500 |
| 4 | കാർഷികോപകരണങ്ങൾ | 3,34,360 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പരിശോധനയിൽ ബോധ്യപ്പെട്ട ചുവടെ പറയുന്ന പരാമർശങ്ങൾക്ക് വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദീകരണം നല്കേണ്ടതാണ്.

1 SCA to TSP (TSS) പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി ആസൂത്രണം നടത്തിയിട്ടുള്ളത്. 40-50% വരെ മുൻഗണന നല്കി ഉൾപ്പെടുത്തേണ്ട വിദ്യാഭ്യാസമേഖലയിൽ ഒരു രൂപയുടെ പദ്ധതി പോലും നടപ്പിലാക്കിയിട്ടില്ല. 10-15% വരെ പ്രാധാന്യം നല്കേണ്ട ആരോഗ്യ മേഖലയിലും ഒരു രൂപയും മാറ്റി വച്ചിട്ടില്ല. 20-30% വരെ മാത്രം ഫണ്ട് വകയിരുത്തേണ്ട കാർഷിക മൃഗപരിപാലന മേഖലയിലാണ് 100% ഫണ്ടും വകയിരുത്തിയിട്ടുള്ളത്.

2 വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. ഊരുകൂട്ട തീരുമാനങ്ങൾ സംബന്ധിച്ച് യാതൊരു പരാമർശങ്ങളും ഫയലിലില്ല.

3 പദ്ധതി നിർവ്വഹണത്തിനുള്ള ഫണ്ടും മാർഗ്ഗ നിർദേശങ്ങളും 2019 ജൂൺമാസം തന്നെ ലഭിച്ചിട്ടും 2020 ഫെബ്രുവരിയിലെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനുശേഷമാണ് പദ്ധതി നിർവ്വഹണത്തിന്റെ പ്രധാന നടപടികളിലേക്ക് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് കടന്നിട്ടുള്ളത്.

4 മുൻവർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പിനെ ചുമതലയേൽപിച്ച മൃഗപരിപാലന പദ്ധതി നിർവ്വഹണങ്ങൾ പരാജയപ്പെട്ടതുകൊണ്ടാകാം ഇത്തവണ ഗുണഭോക്താക്കൾക്ക് നേരിട്ടാണ് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ മോണിറ്ററിംങ്ങോടെ പദ്ധതി നിർവ്വഹണത്തിന് ഫണ്ടനുവദിച്ചത്. എന്നാൽ കൂട് നിർമ്മിക്കുന്നത്, തീറ്റ വാങ്ങുന്നത്, മൃഗങ്ങളെ വാങ്ങുന്നത്, ഇൻഷുറൻസ് ഏർപ്പെടുത്തുന്നത് എന്നീ ഘട്ടങ്ങൾ എല്ലാ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരും കൃത്യമായി നിരീക്ഷിച്ച് പദ്ധതി നിർവ്വഹിക്കുന്നതിന് തയ്യാറായിട്ടില്ലെന്ന് മനസിലാക്കുന്നു. ഗുണഭോക്താക്കൾക്ക് നേരിട്ട് ഫണ്ട് നല്കുമ്പോൾ വിഭാവനം ചെയ്ത പദ്ധതിയാവശ്യത്തിന് തന്നെ വിനിയോഗിച്ചുവെന്ന് സൂക്ഷ്മമായി നിരീക്ഷിക്കാൻ കഴിയാത്തത് കൊണ്ട് പദ്ധതി ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. ചീങ്ങേരി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ മാത്രമാണ് വിനിയോഗ വിവരങ്ങളും പ്രവർത്തന

റിപ്പോർട്ടും ഡോക്യുമെന്റേഷൻ റിപ്പോർട്ടും പൂർണ്ണമായി നൽകിയിട്ടുള്ളത്. മറ്റെല്ലാ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരും പദ്ധതി പൂർത്തിയാക്കി യിട്ടുണ്ടെങ്കിൽ ഇപ്രകാരമുള്ള സമഗ്രമായ പദ്ധതി പ്രവർത്തന റിപ്പോർട്ട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നല്കി ഓഡിറ്റിന് വിവരം റിപ്പോർട്ട് ചെയ്യുക.

5 പവർടില്ലർ, കാർഷിക ഉപകരണങ്ങൾ എന്നിയുൾപ്പെടെയുള്ള വിതരണം നടത്തിയതിന്റെ രേഖകളും റിപ്പോർട്ടും നൂൽപുഴ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറും ചീങ്ങേരി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറും മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. മറ്റുള്ളവർ സമർപ്പിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6 പദ്ധതി നിർവ്വഹണത്തിനുള്ള ഫണ്ടനുവദിച്ചിട്ട് രണ്ട് വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗ വിവരങ്ങൾ, ഫോട്ടോ ഡോക്യൂമെന്റേഷൻ, ഇൻഷുറൻസ് രേഖകൾ സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കാത്ത ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## III. അടിയ- പണിയ പാക്കേജ് പദ്ധതി 2019-20

2019-20 സാമ്പത്തിക വർഷത്തിൽ സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ കീഴിൽ അടിയ-പണിയ പദ്ധതിക്കായി 2225-02-102-86(P) ശീർഷകത്തിൽ എട്ടു ലക്ഷം രൂപ ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചിരുന്നു. എന്നാൽ പദ്ധതി വർഷം സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താൻ കഴിയാതെ വരികയും അനുവദിച്ച എട്ടു ലക്ഷം രൂപയിൽ 7,81,621/- രൂപ തിരികെ സറണ്ടർ ചെയ്യുകയും ചെയ്തു. 18,379/- രൂപ മാത്രം സൈനിക സ്കൂളിൽ പ്രവേശനം കിട്ടിയ ഒരു വിദ്യാർത്ഥിയുടെ പ്രവേശന ചെലവുകൾക്കായി ചെലവഴിയ്ക്കുകയും ചെയ്തു.

പട്ടികവർഗ്ഗക്കാരിൽ തന്നെ ഏറ്റവും അധികം വെല്ലുവിളികൾ നേരിടുന്ന അടിയ-പണിയ സമുദായങ്ങളുടെയും വനാന്തരങ്ങളിൽ അധിവസിക്കുന്ന മറ്റ് പ്രാക്തന ഗോത്ര വിഭാഗങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക വികസനത്തി നായി അനുവദിച്ച ഫണ്ട് ചെലവഴിക്കുന്നതിന് യഥാസമയം ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൂടിയിട്ടും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടും 2019 ൽ പൂർത്തീകരിക്കേണ്ട പദ്ധതികൾ മൂന്ന് വർഷമായിട്ടും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. 28.05.2020 ലും 05.10.2021 ലും ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടും പദ്ധതി നിർവ്വഹണം തുടങ്ങിയിട്ടില്ലായെന്നത് ഗൗരവമായി നിരീക്ഷിക്കുന്നു.

1 പെരിമ്പാടിക്കുന്ന് പണിയ കോളനി സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് 11.02.2019 ൽ ഭരണാനുമതി നല്കുകയും അമ്പലവയൽ ഗ്രാമപഞ്ചായത്തിന് 23.03.2019 ൽ Rs. 28179/- രൂപ അനുവദിക്കുകയും ചെയ്തെങ്കിലും നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2 മാരമല കാട്ടുനായ്ക്ക കോളനിയിലെ 6 വീടുകൾ റീവയറിംഗ് ചെയ്യുന്നതിനും ഹരിതഗിരി കിണർ നവീകരണത്തിനുമായി പൂതാടി ഗ്രാമപഞ്ചായത്തിന് യഥാക്രമം 25,556/- രൂപ 55,000/- രൂപ എന്നിങ്ങനെ പദ്ധതികൾക്കായി ഭരണാനുമതി നല്കി. പദ്ധതി നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടില്ല. ടി ഫണ്ടുകൾ കൈമാറിയിട്ടുമില്ല. (ഡി-2374/19)

3 മണ്ണൂർക്കുന്ന് കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, താത്തൂർ പണിയ കോളനി കുടിവെള്ള പദ്ധതി, താത്തൂർ പണിയ കോളനി കിണർ നവീകരണം എന്നീ പദ്ധതികൾക്ക് സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിക്ക് യഥാക്രമം Rs. 26,000/-, Rs. 3,30,000/- Rs. 29,000/- രൂപ അടങ്കലായുള്ള ഭരണാനുമതികൾ 2019 ഒക്ടോബർ മാസം തന്നെ നല്കിയിരുന്നു. അതിൽ മണ്ണൂർക്കുന്ന് കോളനി സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള ഫണ്ട് അപര്യാപ്തമാണെന്ന് പറഞ്ഞ് പഞ്ചായത്ത് തന്നെ പ്രവൃത്തി റദ്ദ് ചെയ്യുകയുണ്ടായി. മറ്റു രണ്ട് പദ്ധതികൾക്കും നഗരസഭ നാളിതുവരെ ടെൻണ്ടർ നടപടികൾ പോലും കൈക്കൊണ്ടിട്ടില്ല.

4 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്ന പദ്ധതികളുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും അവരുടെ കൂടി ധാരണയോടെ എടുക്കാത്തതിനാലും ഭരണാനുമതി ലഭ്യമാക്കിയ ശേഷം വേണ്ടത്ര ഇടപെടലുകൾ പലതലങ്ങളിൽ നടത്താത്തത് കൊണ്ടും പരാജയപ്പെട്ട പദ്ധതികളാണ് മേൽ പറഞ്ഞവ.

വിശദീകരണങ്ങൾ വസ്തുതാപരമായി ലഭ്യമാക്കേണ്ടതാണ്.

## IV. ചീങ്ങേരി എക്സ്റ്റെൻഷൻ സ്കീം ഫാമിൽ നിർമ്മാണ പ്രവർത്തനങ്ങൾ കോർപ്പസ് 2019-20 - സി. 4062/19 നമ്പർ ഫയൽ

ചീങ്ങേരി എക്സ്റ്റെൻഷൻ സ്കീം ഫാമിലെ ലേബർ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുന്നതിന് 16,50,000/- രൂപയും നിലവിലുണ്ടായിരുന്ന റെയിൻ ഷെൽട്ടർ പുനരുദ്ധാരണത്തിനായി 5,00,000/- രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2019-20 ലെ കോർപ്പസ് ഫണ്ടിൽ നിന്നും നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ 23.09.2019 ലെ സി. 4062/19

നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കി. ടി വർഷം പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ 17.08.2020 ലെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം 2020-21 ൽ പൂർത്തിയാക്കാൻ അംഗീകാരം ലഭിച്ചു. പദ്ധതി പൂർത്തീകരിച്ചതായി 16.08.2021 ൽ കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്യുകയും ഫണ്ടനുവദിക്കുകയും ചെയ്തു.

| ക്രമ നം | ഇനം | അനുവദിച്ചത് | ചെലവായത് | ബാക്കി |
|---|---|---|---|---|
| 1 | ലേബർ വെയിറ്റിംഗ് ഷെഡ് | 16,50,000/- | 14,18,599 | 2,37,401 |
| 2 | റെയിൻ ഷെൽട്ടർ മെയിന്റനൻസ് | 5,00,000/- | 3,65,709 | 1,34,291 |

ഫാമിലെ പട്ടികവർഗ്ഗക്കാരായ തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും വിഭാവനം ചെയ്ത് നിർമ്മിച്ച ലേബർ വെയിറ്റിംഗ് ഷെഡ് എന്ന കോൺക്രീറ്റ് കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. പ്രൊപ്പോസലിൽ ഇലക്ട്രിക്കൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല എന്നാണ് കൃഷി വകുപ്പ് അറിയിച്ചിട്ടുള്ളത്. പദ്ധതിയുടെ ഒരു ഘട്ടത്തിലും ആയത് പരിശോധിച്ചിട്ടില്ല എന്നത് നിർവ്വഹണ ഏജൻസിയുടെയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെയും വീഴ്ചയായി കണക്കാക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## V. നൂൽപ്പുഴ എം.ആർ.എസ് ലെ എസ്.പി.സി ചെലവുകൾക്ക് ഫണ്ടനുദിച്ചത്.

സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കീഴിലുള്ള നൂൽപ്പുഴ ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സ്റ്റുഡന്റ് കേഡറ്റ് പോലീസ് ചെലവുകൾക്കായി ചുവടെ പറയും പ്രകാരം ഫണ്ടനുവദിച്ച് നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | 2017-18 | Rs. 4,99,800/- | സുൽത്താൻ ബത്തേരി 11.01.2018 ലെ ഡി-142/17 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പോലീസ് മേധാവിക്ക് |
| 2 | 2018-19 | Rs. 4,99,800/- | ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭിച്ചെങ്കിലും എം.ആർ.എസ് ൽ മുൻവർഷങ്ങളിലെ ഫണ്ട് നീക്കിയിരുപ്പുണ്ടായതിനാൽ സീനിയർ സൂപ്രണ്ടിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ഫണ്ട് സറണ്ടർ ചെയ്തു. |

| | | | |
|---|---|---|---|
| 3 | 2019-20 | Rs. 4,99,800/- | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ 19.12.2019 ലെ ഡി-4736/19 നമ്പർ ഉത്തരവ് പ്രകാരം HM/SHO ജോയിന്റ് അക്കൗണ്ടിലേക്ക് അനുവദിച്ച് നല്കി. |
| 4 | 2020-21 | Rs. 3,84,600/- | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ 27.02.2021 ലെ ഡി-3101/20 നമ്പർ ഉത്തരവ് പ്രകാരം HM/SHO ജോയിന്റ് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി. |

നാല് വർഷത്തെയും പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന റിപ്പോർട്ടോ വിനിയോഗ വിവരങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലേക്ക് എം.ആർ.എസ് ൽ നിന്നും സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയില്ല. തുടർന്ന് എം.ആർ.എസ് ൽ നേരിട്ട് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 2018-19 വർഷത്തിൽ 3,15,905/- രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2018-19 വർഷം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ രേഖകൾ പ്രകാരം എം.ആർ.എസ് ന് എസ്.പി.സി ചെലവുകൾക്കായി ഫണ്ടനുവദിച്ചിട്ടില്ല. ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായ തുക സറണ്ടർ ചെയ്യുകയാണുണ്ടായത്. വിശദീകരണം ലഭ്യമാക്കുക.

2 2019-20 വർഷം അനുവദിച്ച 4,99,800/- രൂപയിൽ 3,09,572/- രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം രേഖപ്പെടുത്തിയിരിക്കുന്നു. ബാക്കി തുകയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3 20.02.2021 ൽ ചെലവഴിക്കാതെ ബാക്കി വന്ന 3,14,014/- രൂപ സുൽത്താൻ ബത്തേരി സബ്ബ് ട്രഷറിയിൽ തിരിച്ചടച്ചിരിക്കുന്നു. 16.11.2021 ൽ അതുപോലെ 3,17,345/- രൂപയും ട്രഷറിയിൽ തിരിച്ചടച്ചിരിക്കുന്നു.

4 എസ്.പി.സി പ്രോജക്ട് സ്കൂൾ ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ 08.10.2021 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം ഉണ്ടായിരുന്ന 3,17,345/- രൂപയാണ് 16.11.2021 ൽ തിരിച്ചടച്ചിട്ടുള്ളതെന്ന് മനസിലാക്കുന്നു.

എം.ആർ.എസ് ലെ എസ്.പി.സി ഫണ്ടിൽ നിന്നും കൈമാറിയ ഫണ്ടിന്റെ വിനിയോഗം ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതും അനുവദിച്ച മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രവും വിനിയോഗ വിവരങ്ങളും പട്ടികവർഗ

വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച വിവരം ഓഡിറ്റിനെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## VI. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി

പരിശോധന കാലയളവിൽ സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ രണ്ട് പ്രോജക്ടുകളാണ് **അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തി** രുന്നത്.

1 മുളംചിറ പണിയ സെറ്റിൽമെന്റ്, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

2 കെഞ്ചൻപാടി കാട്ടുനായ്ക്ക സെറ്റിൽമെന്റ്, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്.

രണ്ട് പദ്ധതികളുടെയും നിർവ്വഹണ ഏജൻസി ഹാബിറ്റാറ്റ് ആണ്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ഫയൽ പരിശോധിച്ചതിന്റെയും നേരിട്ട് സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ ചവടെ ചേർക്കുന്നു.

### A. മുളംചിറ പണിയ സെറ്റിൽമെന്റ്

| | | | |
|---|---|---|---|
| 1 | വീടുകളുടെ നവീകരണം | - | പൂർത്തീകരിച്ചു |
| 2 | സാംസ്കാരികനിലയം | - | പൂർത്തീകരിച്ചു |
| 3 | സംരക്ഷണഭിത്തി, ഡ്രയിനേജ് നടപ്പാത, കോൺക്രീറ്റ് റോഡ് | - | പൂർത്തീകരിച്ചു |
| 4 | സ്വയം തൊഴിൽ പദ്ധതികൾ | - | ആരംഭിച്ചിട്ടില്ല. |

ആകെ 52,11,863/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പൂർത്തിയായ സാംസ്കാരിക നിലയം ഇതുവരെ പ്രവർത്തനത്തിനായി തുറന്ന് കൊടുത്തിട്ടില്ല. **ഏജൻസിക്ക് ഫണ്ട് കൈമാറാത്തത് കൊണ്ടാണ് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാത്തതെന്ന് സന്ദർശന വേളയിൽ ഗുണഭോക്താക്കൾ പറഞ്ഞു.** മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### B. കെഞ്ചൻപാടി കാട്ടുനായ്ക്ക സെറ്റിൽമെന്റ്

**സാംസ്കാരിക നിലയം ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെല്ലാം** പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന സ്വയം തൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടില്ല. ടി പദ്ധതിക്ക് **ഊരുകൂട്ടം സമ്മതമില്ലാത്തതിനാലാണ് പ്രവർത്തനം തുടങ്ങാൻ കഴിയാത്തതെന്ന് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ അറിയിച്ചു. ടി സ്വയം തൊഴിൽ പദ്ധതിയ്ക്കായി നീക്കി വച്ചിട്ടുള്ള 5 ലക്ഷം രൂപയും കുടിവെള്ള പദ്ധതിയ്ക്കായി പ്രത്യേകം പറയാതെ വകയിരുത്തിയിട്ടുള്ള** ഏഴ് ലക്ഷം രൂപയും എങ്ങനെ വിനിയോഗിക്കുന്നുവെന്ന് വ്യക്തതയില്ല. പദ്ധതിയ്ക്കായി നാളിതുവരെ 54,86,245/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുക.

## VII. നെന്മേനി ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ കോളനി വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മാണം- സി.3791/18

ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ 5 ലക്ഷം രൂപയുടെ പദ്ധതി നെന്മേനി ഗ്രാമപഞ്ചായത്തിനെകൊണ്ട് നിർവ്വഹിച്ചു. 2020 ഫെബ്രുവരിയാണ് പദ്ധതി പൂർത്തിയായി പഞ്ചായത്തിന് ഫണ്ട് കൈമാറിയത്. വിനിയോഗ സാക്ഷ്യപത്രവും വിനിയോഗവിവരങ്ങളും കൈമാറിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## VIII. കോർപ്പസ് ഫണ്ട് 2017- 18

### 1. ഫയൽ നം സി. 2626/17 മുളഞ്ചിറ എസ്.റ്റി കോളനി കുടിവെള്ള പദ്ധതി

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മൂളഞ്ചിറ പട്ടികവർഗ്ഗകോളനിയിൽ കുടി വെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് അസിസ്റ്റന്റ് എൻഞ്ചിനീയർ 24.04.2017 ൽ 14,95,000/- രൂപയുടെ (പതിനാല് ലക്ഷത്തി തൊണ്ണൂററി അയ്യായിരം രൂപ മാത്രം) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സുൽത്താൻ ബത്തേരി റ്റി.ഡി.ഒയ്ക്ക് സമർപ്പിച്ചിരുന്നു. ടി പദ്ധതി 03.11.207 ൽ ചേർന്നു ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും ഉണ്ടായി.

എന്നാൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന് വിരുദ്ധമായി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണസമിതിയും ഫണ്ടും സുൽത്താൻ ബത്തേരി റ്റി.ഡി.ഒ 25 -11-17, 28-2-18 തീയതികളിലെ സി-2626/17 നമ്പർ ഉത്തരവിലൂടെ നൂൽപ്പുഴ ഗ്രാമപ ഞ്ചായത്ത് സെക്രട്ടറിക്കാണ് നൽകിയിട്ടുള്ളത്. എന്തുകൊണ്ടാണ് അപ്രകാരം നടപടി സ്വീകരിച്ചത് എന്ന് ഫയലിൽ വ്യക്തമായിട്ടില്ല. ഈ പ്രവൃത്തിക്ക് പിന്നീട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ സാധൂകരണം ലഭ്യമാക്കിയിട്ടുള്ളതായും കാണുന്നില്ല.

ടി പദ്ധതി പൂർത്തിയാക്കിയതിന്റെയോ വിനിയോഗ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. അത് സംബന്ധിച്ച വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. ഗ്രാമപ ഞ്ചായത്ത് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു വെങ്കിൽ ടി ഏജൻസി മുഖേന തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കാമായിരുന്നു. അപ്രകാരം ചെയ്യാതെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിനെതിരായ തീരുമാനം എടുത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഫയൽ നം സി.2830/17

മാവാടി പണിയ കോളനി കിണർ ആഴംകൂട്ടൽ

സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി പരിധിയിലുള്ള മാവാടി പുതിയ കോളനിയിൽ നിലവിലുള്ള കിണർ ആഴം കൂട്ടുന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്ക് സുൽത്താൻ ബത്തേരി റ്റി.ഡി. ഒ 18.07.17 ലെ സി. 2830/17 നമ്പർ ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപാ മാത്രം) രൂപ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് അനുവദിച്ചിരുന്നു.

എന്നാൽ മുനിസിപ്പാലിറ്റി സെക്രട്ടറി ടി പദ്ധതി നടപ്പിലാക്കിയില്ല. നിലവിൽ കിണറിൽ ജലലഭ്യത ഉള്ളതിനാൽ ഈ പദ്ധതി ഒഴിവാക്കാവുന്നതാണന്നാണ് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി സെക്രട്ടറി 19/11/2021 ൽ അറിയിച്ചിട്ടുള്ളത്. ഇതിനെ തുടർന്ന് 15% പിഴ സഹിതം തുക തിരികെ അടക്കുന്നതിന് സുൽത്താൻ ബത്തേരി റ്റി.ഡി.ഒ 05/01/22 ൽ സി. 2830/17 നം കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ടി പദ്ധതി നടപ്പിലാക്കുന്നതിന് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി കമ്മിറ്റി പ്രമേയമോ തീരുമാനമോ ലഭിച്ചിട്ടുള്ളതും കാണുന്നില്ല. ആയതിനാൽ ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രമേയം ഇല്ലാതെയാണോ പ്രൊപ്പോസൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിച്ചിട്ടുള്ളത് എന്നത് വ്യക്തമാക്കേണ്ടതാണ്.

തുക അനുവദിക്കുന്നതിന് മുൻപ് മുനിസിപ്പാലിറ്റി സെക്രട്ടറിയുമായി കരാർ വെച്ചിട്ടുള്ളതായും കാണുന്നില്ല.

മുനിസിപ്പാലിറ്റി പ്രമേയമോ സെക്രട്ടറിയുടെ ശുപാർശയോ ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത് എങ്കിൽ പിഴ ഒടുക്കുന്നതിന് തുക അനുവദിച്ച ഉദ്യോഗസ്ഥനും ബാധ്യതയുള്ളതായി വരുന്നതാണ്. ആയതിനാൽ ഇതു സംബന്ധിച്ച വിശദീകരണവും മുനിസിപ്പാലിറ്റി പ്രമേയത്തിന്റെ പകർപ്പും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## IX. കോർപ്പസ് ഫണ്ട് 2018– 19

1. ഫയൽ നം സി. 6202/18

നൂൽപ്പുഴ പഞ്ചായത്തിലെ 75 പട്ടികവർഗ്ഗകോളനികളിൽ കമ്മ്യൂണിറ്റി കിച്ചൺ നടത്തുന്ന ആവശ്യത്തിലേക്ക് സുൽത്താൻ ബത്തേരി റ്റി.ഡി.ഒ 6.10.18 ലെ സി. 6202/18 നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷന് 6,75,000/- രൂപ അനുവദിച്ചിരുന്നു.

75 ഷെഡ്യൂളുകളുടെ ഒന്നാംഗഡു ആയിട്ടാണ് 6,75,000/- രൂപ അനുവദിച്ചിരുന്നത് എങ്കിലും ടി തുകയിൽ 6,12,000/- രൂപ വിനിയോഗിച്ച് 34 കേന്ദ്രങ്ങളിലെ നിർമ്മാണം പൂർത്തീകരിച്ചതായി കുടുംബശ്രീ മിഷൻ 23.06.20ൽ അറിയിച്ചിട്ടുണ്ട്. 63000/- രൂപയുടെ വിനിയോഗ വിവരം ഫയലിൽ ലഭ്യമല്ല 75 കേന്ദ്രങ്ങൾക്ക് അനുവദിച്ചിരുന്ന തുക 34 ഷെഡ്യൂളുകളുടെ നിർമ്മാണത്തിലേക്ക് ചുരുക്കിയതിന്റെ മാനദണ്ഡങ്ങൾ ഫയലിൽ ലഭ്യമല്ല. നിലവിൽ ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്. പദ്ധതി വിഭാവനം ചെയ്തത് പ്രകാരം നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന വിവരവും 675000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## X. കോർപ്പസ് ഫണ്ട് 2019– 20

1 ഫയൽ നം സി. 833/2020 സിവിൽ സർവ്വീസ് പരിശീലനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് & റിസർച്ച് സിവിൽ സർവ്വീസ് അക്കാഡമി (ITSR) എന്ന സ്ഥാപനം മുഖേന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന 350373/- രൂപയുടെ പദ്ധതിക്ക് 04.10.2019 ൽ ചേർന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിരുന്നു.

പരിശീലനാർത്ഥികൾക്ക് ബുക്സ്/ ജേർണൽസ് സ്റ്റഡി മെറ്റീരിയൽസ്, ഫാക്കൽറ്റികൾക്ക് ഹോണറേറിയം തുടങ്ങിയ ഇനങ്ങളിലായി തുക അനുവദിക്കുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഫാക്കൽറ്റികളുടെ ഹോണറേറിയമായി 39600/- രൂപ ചെലവഴിച്ച് പദ്ധതി ഉപേക്ഷിച്ചതായാണ് കാണിക്കുന്നത്. വിദ്യാർത്ഥികൾക്ക് ബുക്സും ജേർണൽസും മറ്റ് മെറ്റീരിയൽസ് ഒന്നും നൽകിയതായി കാണുന്നില്ല.

പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 2018 - 19 വർഷം അനുവദിച്ചിരുന്ന 73627/- രൂപ ITSR ൽ ശേഷിച്ചിരുന്നതായി ITSR ഡയറക്ടർ 03.08.19 ലെ ITSR /113/2019 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. ആയത് വിനിയോഗിച്ചതിന് ശേഷമാണോ ടി 39600/-രൂപ അനുവദിച്ചിരുന്നത് എന്നത് പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ട താണ്.

## XI. കോർപ്പസ് ഫണ്ട് - വിനിയോഗ സാക്ഷ്യപത്രം അയക്കുന്നതിൽ വീഴ്ച വരുത്തിയത്

പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 2017 - 18, 2018-19 വർഷങ്ങളിലായി യഥാക്രമം 1.95 കോടി, 2.20 കോടി രൂപ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2225-02, 102-93 എന്ന ശീർഷകത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് സുൽത്താൻ ബത്തേരി റ്റി.ഡി.ഒ ക്ക് അനുവദിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കി വിനിയോഗ സാക്ഷ്യപത്രം പട്ടിക വർഗ്ഗ വികസന ഡയറക്ടർക്ക് ലഭ്യമാക്കുന്നതിൽ റ്റി.ഡി.ഒ വലിയ വീഴ്ചകൾ വരുത്തിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി വിനിയോഗവി വരം ലഭ്യമാക്കിയാൽ പോലും ആയത് ഡയറക്ടർക്ക് അയക്കുന്ന സാഹചര്യം നില വിൽ ഇല്ല.

ഉദാഹരണത്തിന് 2017-18 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂതാടി ഗ്രാമപഞ്ചായത്തിലെ ആലുമൂല പണിയ കോളനി നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനും സംരക്ഷണ ഭിത്തി കെട്ടുന്നതിലേക്കുമായി റ്റി.ഡി.ഒ 5,00,000/- രൂപ 20.03.18 ലെ സി. 1773/18 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ചിരുന്നു. ടി തുകയുടെ വിനിയോഗ വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 06.05.19, 30.09.19 തീയതികളിലായി ലഭ്യമാക്കിയിട്ടുള്ളതാണ്. എങ്കിലും ടി വിവരം പട്ടിക വർഗ്ഗ വികസന ഡയറക്ടറെ നാളിതുവരെ അറിയിച്ചിട്ടില്ല.

2017 - 18, 2018-19, 2019 - 20 വർഷങ്ങളിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനനുവദിച്ചതിൽ അനുബന്ധത്തിൽ പറയുന്ന പ്രകാരം തുകകളുടെ വിവരം പട്ടിക വർഗ്ഗ വികസന ഡയറക്ടർക്ക് ലഭ്യമാക്കുവാനു ള്ളതായി ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.ആയത് റിപ്പോർട്ട് കൈപ്പറ്റി ഒരാഴ്ചക്കുള്ളിൽ ഡയറക്ടർക്ക് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. കോർപ്പസ് ഫണ്ടിൽ പൂർത്തിയാകാത്ത പദ്ധതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## XII. AMRID മുഖേനയുള്ള പരിശീലന പദ്ധതികൾ

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് Ambedkar Memorial Rural Institute for Devt. (AMRID) 2015-16 മുതൽ സുൽത്താൻ ബത്തേരി റ്റി.ഡി.ഒ ഓഫീസ് AMRID മുഖേന നിരവധി പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. പി.എസ്.സി പരീക്ഷാ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, തയ്യൽ പരിശീലനം എന്നിവയാണ് പ്രധാനം. പരിശീലനം പൂർത്തിയാക്കിയ നിരവധി യുവതീയുവാക്കൾക്ക് ജീവിതത്തിൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

AMRID മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് താഴെ പറഞ്ഞ ഫയലുകൾ പരിശോധിക്കുകയുണ്ടായി.

1) ഫയൽ നം. സി. 2878/17

പി.എസ്.സി പരീക്ഷാ പരിശീലനം

2017 - 18 വർഷത്തെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ലാസ്റ്റ് ഗ്രേഡ് സെക്രട്ടറിയേറ്റ് അസിസ്റ്റൻഡ്, ബാങ്ക് ക്ലാർക്ക് തുടങ്ങി വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിലേക്ക് 3053351/- രൂപ (മുപ്പത് ലക്ഷത്തി അൻപത്തിമൂവായിരത്തി മുന്നൂറ്റി അൻപത്തി ഒന്ന് രൂപാ മാത്രം) അമൃദിന് അനുവദിച്ചു നൽകിയിരുന്നു ഇതിൽ 1302207 രൂപ മാത്രം ടി പദ്ധതിക്കായി ചെലവഴിക്കുകയും 1751144 രൂപ വിവിധ കാരണങ്ങളാൽ ബാലൻസ് വരുകയും ചെയ്തു.

2) ഫയൽ നം സി. 2021/19 ഡ്രൈവിംഗ് തയ്യൽ പരിശീലനം

2018-19 വർഷത്തെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രകാരം 11,21,500/- രൂപ അമൃദിന് അനുവദിച്ച് നൽകിയിരുന്നു.

1) ഡ്രൈവിംഗ് പരിശീലനം - 670000

2) തയ്യൽ പരിശീലനം - 451500

1121500

ടി പദ്ധതികൾ പൂർത്തീകരിച്ചതിന്റെയും തുകയുടെ വിനിയോഗവിവരമോ ഫയലിൽ ലഭ്യമല്ല.

കോർപ്പസ് ഫണ്ടിലും പ്രത്യേക കേന്ദ്രധനസഹായ (SCA) പദ്ധതിയിലും ഉൾപ്പെടുത്തി അനുവദിച്ചിരുന്ന ടി പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാനോ വിനിയോഗ വിവരം യഥാസമയം ലഭ്യമാക്കുവാനോ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. പരിശീലനത്തിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുന്ന തുക പൂർണ്ണമായും മുൻകൂറായി തന്നെ അമൃദിന് അനുവദിച്ച് നൽകുന്നതാണ് കൂടുതലായും കാണുന്നത്.

ഹാജരാകുന്ന പരിശീലനാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവും മറ്റു സാങ്കേതിക കാരണങ്ങളും ഒരു പദ്ധതിയുടെ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതെ വരുകയും വലിയ തുക തന്നെ ബാലൻസ് ഉണ്ടാകുകയും ചെയ്യുന്നു. ഓരോ പ്രാവശ്യവും ഇപ്രകാരം ഉണ്ടാകുന്ന സേവിംഗ്സ് പിന്നീട് മറ്റൊരു പദ്ധതിയിലേക്ക് മാറ്റുകയും ഈ പ്രക്രിയ തുടരുകയും ചെയ്യുന്നു. ഇതിനാൽ തന്നെ ഒരു ഫയലും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഓരോ വർഷത്തേയും തുകയുടെ വിനിയോഗ സാക്ഷ്യപത്രം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് തുടർന്നുള്ള വർഷങ്ങളിൽ പാലിക്കുന്നത് ഉചിതമായിരിക്കും. കൂടാതെ ടി 2 പദ്ധതികളുടെയും വിനിയോഗ വിവരം അടിയന്തിരമായി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

1) ജില്ലാ തല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുന്ന തുകയുടെ 25% മാത്രം മുൻകൂറായി ആവശ്യമെങ്കിൽ അനുവദിച്ച് നൽകുക

2) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയതിന് ശേഷം മാത്രം ശേഷിക്കുന്ന തുക വിവിധ ഗഡുക്കളായി അനുവദിച്ച് നൽകുക

3) ഒരു പരിശീലന പരിപാടിക്ക് അനുവദിക്കുന്ന തുക അതിന് മാത്രമായി വിനിയോഗിക്കുക

4) യഥാസമയം തന്നെ സ്ഥാപനത്തിന് അനുവദിക്കുന്ന തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കി ഡയറക്ടർക്ക് ലഭ്യമാക്കുക

മേൽ പരിശീലന പരിപാടികളും അമൃദ് എന്ന സ്ഥാപനവും പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണ് എന്നതിനാൽ കൂടുതൽ കൃത്യതയോടെയും കാര്യക്ഷമതയോടെയും പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## XIII. A. BIMS-DBT

പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സുൽത്താൻബത്തേരി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നടന്ന ഓഡിറ്റ് പരിശോധനയിൽ ഈ ഓഡിറ്റിന്റെ ഭാഗമായി താഴെ പറയുന്ന കാലയളവിലെ BIMS ബില്ലുകൾ പരിശോധനയ്ക്കു വിധേയമാക്കി. (ഇ-ഓഡിറ്റ്)

| കാലയളവ് | പരിശോധിച്ച ബില്ലുകളുടെ എണ്ണം |
|---|---|
| 2016-17 | 402 |
| 2017-18 | 472 |
| 2018-19 | 675 |
| 2019-20 | 1097 |
| 2020-21 | 600 |
| 2021-22 | 384 |

ആകെ 3630 ബില്ലുകൾ

മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. 2021 ഡിസംബർ മാസത്തിൽ പാസായ ബില്ലുകളിൽ 4 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാതെ 14500/- രൂപ ശേഷിക്കുന്നുണ്ട് . ആയതിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക അനുവദിച്ച ഇനം | തുക |
|---|---|---|---|
| 1 | തങ്കമണി | ചികിത്സ | 1000 |
| 2 | സരിക കെ.എസ് | മാസ്ക് | 1500 |
| 3 | ശിവപ്രസാദ് | മെസ്സ് ചാർജ്ജ് | 6000 |
| 4 | സജിൻ. സി | മെസ്സ് ചാർജ്ജ് | 6000 |

ആകെ 14,500/- രൂപ മാത്രം

### C. അഡ്വാൻസ് ബില്ലുകൾ

ഈ ഓഫീസിൽ നിന്നും മാറിയ അഡ്വാൻസ് ബില്ലുകളൊന്നും ക്രമീകരിക്കാൻ അവശേഷിക്കുന്നില്ല. മുൻകൂറായി മാറിയ ബില്ലുകളെല്ലാം ക്രമീകരിച്ചിട്ടുണ്ട്.

## XIV. ലാപ്പ്ടോപ്പ് വിതരണ പദ്ധതി E 2906/17

പ്രോഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സുൽത്താൻ ബത്തേരി TDO ഓഫീസിലേക്ക് 2017/18 വർഷം 2 ലാപ്പ്ടോപ്പുകൾ അനുവദിച്ചത് വിതരണം നടത്തിയിട്ടുണ്ട്. 2018-19 ൽ 9 ലാപ്പ്ടോപ്പുകൾ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായതിൽ 8 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷം ആകെ 17 അപേക്ഷകളിൽ 15 ലാപ്പടോപ്പുകളാണ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചിട്ടുള്ളത്. 2018-19 ലെ നീക്കിയിരിപ്പുള്ള ഒരു ലാപ്ടോപ്പ് അടക്കം 16 ലാപ്ടോപ്പുകളിൽ 15 എണ്ണം വിതരണം നടത്തിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് പഞ്ചായത്തിൽ നിന്നും

ലാപ്ടോപ്പ് ലഭ്യമായതിനാൽ വിതരണം നടത്തേണ്ടതില്ല. നിലവിൽ ലഭ്യമായതിൽ ഒരു ലാപ്ടോപ്പ് വിതരണം നടത്തിയിട്ടില്ല. ആയത് വിതരണം ഉടൻ വിതരണം നടത്തി വിനിയോഗ സാക്ഷ്യ പത്രം ഡയറക്ടറേറ്റിൽ ലഭ്യമാക്കി പകർപ്പ് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കേണ്ടതാണ്.

## XV. അടിയ പണിയ പാക്കേജ് 2017-18. D. 2172/17

അടിയ പണിയ പാക്കേജിനായി 16/04/17 ലെ A2 5023/17 നു ഉത്തരവ് പ്രകാരം അനുവദിച്ച 80,0000/- രൂപ അനുവദിച്ചിട്ടുണ്ട്. അതിരാറ്റ് പടി കുടിവെള്ള പദ്ധതിയ്ക്കായി അനുവദിച്ച 10898/ രൂപ പണി നടപ്പിലാക്കാതെ പൂർണ്ണമായും തിരിച്ചയച്ചിട്ടുള്ളതാണ്. ബാക്കി പണികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഡയറക്ടറേറ്റിലേക്ക് അയച്ച് നൽകിയിട്ടില്ല വിനിയോഗ സാക്ഷ്യപത്രം അയച്ചു നൽകി ആയതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 2018-19 D- 2754/18

2018-19 ലെ അടിയ പണിയ പാക്കേജിനായി 18/04/18 ലെ $A_2$ 6922/18 നു ഉത്തരവ് പ്രകാരം 80,0000/- രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ പണികൾക്കായി തുക ചിലവഴിച്ചതിൽ കല്ലുവയൽ കിണർ നിർമ്മാണത്തിനായി സുൽത്താൻ ബത്തേരി നഗരസഭ വഴി ചിലവഴിച്ച 80,000/- രൂപയിൽ 7773/- രൂപ തിരിച്ചടച്ച് രസീത് ലഭ്യമായിട്ടില്ല. കൂടാതെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് മുഖേന വിവിധ വാർഡുകളിലെ 6 കിണറുകളുടെ നവീകരണ പ്രവർത്തികൾക്കായി അനുവദിച്ച 176000/- രൂപയിൽ നീക്കിയിരിപ്പുള്ള 4616/- തിരിച്ചടച്ച രസീത്. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബിൽ എന്നിവ ഫയലിൽ ലഭ്യമല്ല. ടി വിവരങ്ങൾ ലഭ്യമാക്കി വിനിയോഗ സാക്ഷ്യപത്രം ഡയറക്ടർക്ക് അയച്ച് നൽകി പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## XVI. പ്രളയ പുനരധിവാസം G.4981/19

വെള്ളപ്പൊക്കഭീഷണി നേരിടുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പദ്ധതി പ്രകാരം നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ 56 ഭവന നിർമ്മാണം 21/8/19 ന് ആരംഭിച്ചിട്ടുണ്ട്. ആയതിൽ കോല്ലു എന്ന ഗുണഭോക്താവിന് മകന്റെ കൂടെ താമസിക്കുന്നതിനാൽ വീട് ആവശ്യമില്ലെന്നറിയിച്ചിതിനാൽ ഒഴിവാക്കി ബാക്കി 55 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| Stage | I | II | III | IV | Completed |
|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 1 | 1 | 5 | 48 | NIL |

ഭവന നിർമ്മാണത്തിനായി ആകെ 2930000/- രൂപ ആകെ അനുവദിച്ചിട്ടുണ്ട് ഭവനിർമ്മാണം പൂർത്തികരിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി-4174/17- വാകേരി പ്രീ-മെട്രിക് ഹോസ്റ്റലിലെ അറ്റകുറ്റപണികൾ

വാകേരി പ്രീമെട്രിക് ഹോസ്റ്റലിലെ വിവിധ പ്രവൃത്തികൾക്കായി 240000/ രൂപയുടെ പ്രോപ്പോസൽ 4/10/19 ലെ ജില്ലാതല വർക്കിങ്ങ് ഗ്രൂപ്പ് അംഗീകാരം നൽകുകയും 8/11/19 ന് MoU ഒപ്പവെക്കുകയും 28/11/19 ന് 20% തുക ജില്ലാ നിർമ്മിതി കേന്ദ്ര ങ്ങൾക്ക് അനുവദിക്കുകയും ചെയ്തു. കരാർ 30/11/20 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ 16/3/21 ന് സമർപ്പിച്ചിട്ടുണ്ടെങ്കിലും തുക അനുവദിച്ചി ട്ടില്ല. തുക അനുവദിച്ച് വിനിയോഗ സാക്ഷ്യ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ട താണ്.

## XVII. കൈത്താങ്ങ് പദ്ധതി

2017-18- F 2012/7
2018-19- F 2314/18
2019-20- F 2691/19

2017-18 വർഷം കൈത്താങ്ങ് പദ്ധതിക്കായി അപേക്ഷ സമർപ്പിച്ച ശ്രീനാഥ്, അച്ചു എന്നീ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. 19/06/17 ലെ PLP 2/6 നു കത്ത് പ്രകാരം പുൽപ്പള്ളി ടി.ഇ.ഒ യാണ് അപേക്ഷകൾ സമർപ്പിച്ച ത്.18/07/18ന് ടി.ഡി.ഒ റിപ്പോർട്ട് ആവശ്യപ്പെടുകയും 24/08/17 ന് കുട്ടികളുടെ അമ്മയ്ക്ക് സുഖമില്ലാത്തതിനാൽ കുട്ടികളെ നോക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടു ണ്ടെന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് കിട്ടുന്ന മുറയ്ക്ക് അപേക്ഷകൾ തുടർനടപടി കൾ സ്വീകരിച്ചിട്ടില്ല.

2018/19 വർഷം ശാഖിൽ ഇ.എം എരുമക്കൊല്ലി. കല്ലുവയൽ എന്ന വിദ്യർത്ഥി യുടെ അപേക്ഷ 6/6/18 ന് Pdy 155/13 നു കത്ത്പ്രകാരം പൂതാടി ടി ഇ.ഒ സമർപ്പി ച്ചിരുന്നു. അമ്മ മരണപ്പെടുകയും അച്ഛൻ ഉപേക്ഷിച്ച് പോയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1/11/18 ന് അച്ഛൻ ഉപേക്ഷിച്ചുപോയി എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ടി.ഡി.ഒ നിർദ്ദേശം നൽകിയെങ്കിലും അപേക്ഷ യിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2019-20 വർഷം ആശമോൾ നെയ്ക്കുപ്പ കോളനി എന്ന വിദ്യർത്ഥിയുടെ അച്ഛനും അമ്മയും മരണപ്പെട്ടതായി 11/7/19 ലെ Pdy 155/13 നു കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. 26/07/19 ന് SSLC ബുക്ക് മറ്റ് രേഖകൾ കൃത്യതവരുത്തു ന്നതിനായി ടി.ഡി.ഒ കത്ത് നൽകിയെങ്കിലും ഫയലിൽ തുടർനടപടികൾ സ്വീകരി ച്ചിട്ടില്ല. ചിങ്ങേരി ടി.ഇ.ഒ പരിധിയിലെ വിഷ്ണു.ഡി. വിജിഷ്ണ സാബു. എന്നിവരുടെ

അമ്മ ഉപേക്ഷിച്ചതായും അച്ഛൻ മാനസിക രോഗിയായതിനാലും കൈത്താങ്ങ് ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു. ന്യൂനതകൾ പരിഹരിക്കുന്നതിന് ഫോൺ വിളിച്ച് അറിയിച്ചതായി നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികളുടെ അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് തുക അനുവദിച്ചിട്ടില്ല.

മേൽ അപേക്ഷകളിലെ അപാകതകൾ പരിഹരിച്ച് അർഹരായവർക്ക് ധനസഹായം അനുവദിക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## XVIII. ഗോത്രസാരഥി പദ്ധതി

| വർഷം | ഫയൽ നം |
|---|---|
| 2017-18 | E-2160/17 |
| 2018-19 | E- 2133/18 |
| 2019-20 | E- 1710/19 |

2017-18, 2018-19, 2019-20 വർഷങ്ങളിൽ ഗോത്രസാരഥി പദ്ധതിക്കായി അനുവദിച്ച തുക കൃത്യമായി വിനിയോഗിക്കുകയും വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് സാമ്പത്തിക വർഷങ്ങളിലും ഏതെല്ലാം സ്ക്കൂളുകളെ ഏതെല്ലാം കോളനികളിലേക്ക് ഗോത്ര സാരഥി പദ്ധതി അനുവദിച്ചു എന്ന ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല. കൂടാതെ 2019-20 വർഷം E-1710/19 ഫയലിൽ സ്കൂളുകൾക്ക് തുക അനുവദിച്ച് കൊണ്ടുള്ള ഉത്തരവിൽ 24/05/19 ,10/07/19, 26/07/19 തീയതികളിലെ ഉത്തരവുകൾ പ്രകാരം ഉൾപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് 24/05/19, 10/07/19, 26/07/19 തീയതികളിൽ ഉത്തരവ് പുറപ്പെടുവിച്ചതായി ഫയലിലില്ല. പിന്നീട് സ്ക്കൂളുകൾക്ക് തുക അനുവദിച്ച ഉത്തരവുകളിലെല്ലാം ഇത് സൂചനയായി ചേർത്തിട്ടുണ്ട്. സ്ക്കൂളുകളെയും കോളനിയും തിരഞ്ഞെടുത്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാത്തത് ന്യൂനതയാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## XIX. വിവാഹ ധനസഹായം

2017-18. G 1612/17
2018-19. G 1612/17
2019-20. G 2931/19

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ വിവാഹ ധനസഹായത്തിന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുകയും വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നാൽ 2019-20 വർഷം പാർവ്വതി എന്ന ഗുണഭോക്താവിന് 17/17/19 ലെ G 2931/19 നു ഉത്തരവ് പ്രകാരം അനുവദിച്ച 100000/-

രൂപ ടിയാരിയുടെ, മീനങ്ങാടി ഗ്രാമീൺ ബാങ്കിലെ (KLGB0040270-IFSC) 40270100200793 അക്കൗണ്ടിനുപകരം 40270100200795 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യ്തത് സംബന്ധിച്ച വിവരങ്ങൾ ഫയലിലില്ല. യഥാർത്ഥഗുണഭോക്താവിന് തുക ട്രാൻസ്ഫർ ചെയ്തോ എന്ന് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## XX. C-3233/17 ലൈഫ് മിഷൻ 2017 – 18

ലൈഫ് മിഷൻ ഭവന പൂർത്തീകരണ പദ്ധതിയിൽ 1193 വീടുകളാണ് ഉൾപ്പെട്ടിട്ടുളളത്. ആയതിൽ 149 വീടുകൾക്ക് ഒന്നാം ഗഡു കൈപ്പറ്റിയതിനു ശേഷം പുരോഗതി ഉണ്ടായിട്ടില്ല. മുളളൻകൊല്ലി പഞ്ചായത്തിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുളള ആകെ 92 വീടുകളിൽ 37 വീടുകളും അഡ്വാൻസായി ഒന്നാംഗഡു 2018-ൽ കൈപ്പറ്റിയതിനു ശേഷം പണി പൂർത്തിയായതായോ കൈപ്പറ്റിയ തുകയ്ക്കുളള പണി പൂർത്തീകരിച്ച് അടുത്ത ഗഡു തുകയ്ക്കുളള സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ചതായോ ഫയലിൽ കാണുന്നില്ല. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുളള പദ്ധതിയായ ലൈഫ് ഭവന പദ്ധതി നിർവ്വഹണം മുടങ്ങിക്കിടക്കുന്നതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുമാണ്.

I. മീനങ്ങാടി പഞ്ചായത്തിലെ കരിയൻ ആവയൽ കോളനി എന്നവർ ലൈഫ് മിഷൻ പദ്ധതിയിൽ ഐഡി 63423 പ്രകാരം ഉൾപ്പെട്ടിട്ടുണ്ട്.
ടിയാന്റെ ഭവന നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 252,262/- രൂപയാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും ടിയാന് ചുവടെ പറയും പ്രകാരം തുക അനുവദിച്ചതായി കാണുന്നു.

| ക്രമനം | അനുവദിച്ച തീയതി | തുക | ഗഡു |
|---|---|---|---|
| 1. | 21/07/18 | 30000 | I |
| 2. | 16/08/18 | 70000 | II |
| 3. | 08/11/18 | 100000 | III |
| 4. | 22/07/18 | 60000 | IV |
| | ആകെ | 260000 | |

252,262/- രൂപയാണ് എസ്റ്റിമേറ്റ് ഉള്ള ഭവന നിർമ്മാണത്തിന് ആകെ 260,000/- രൂപ അനുവദിച്ചിട്ടുണ്ട്. പൂർത്തീകരണ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് നാലാം ഗഡു തുക അനുവദിച്ചിട്ടുള്ളത്. ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താതെ ,എസ്റ്റിമേറ്റിനേക്കാൾ അധികമായ തുകയാണ് അനുവദിച്ചിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## XXI. F-1749/17 ചികിത്സാധനസഹായം 17- 18

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ വിവിധ തീയതികളിലെ ശുപാർശ കത്തുകൾ പ്രകാരം നൽകിയ അപേക്ഷകളിൻമേൽ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ 20/03/18-ലെ എഫ് 1749/17 നമ്പർ ഉത്തരവ് പ്രകാരം ചികിത്സാധനസഹായം അനുവദിച്ചിരുന്നു. ഇതിൽ ചീങ്ങേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 07/03/18 ലെ ഇ36/18 കത്തോടൊപ്പം നൽകിയ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ TEO യുടെ ശുപാർശകത്തിലെ ക്രമനം.7 - ദീപ തട്ട്യാട് കോളനി എന്നവരുടെ തുക അനുവദിക്കാത്തതിന്റെ കാരണം ഫയലിൽ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## F-1940/18 ചികിത്സാധനസഹായം 18 - 19

26/04/18 - ലെ F-1940/18 നമ്പർ ഉത്തരവ് പ്രകാരം ചികിത്സാ സഹായം അനുവദിച്ചതിൽ ചീങ്ങേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 04/04/18- ലെ C-36/18 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച അപേക്ഷകരിൽ ശരണ്യ. എം ഒലക്കൊല്ലി കോളനി നെല്ലറച്ചാൽ എന്നയാൾക്ക് ഒഴികെ മറ്റെല്ലാവർക്കും തുക അനുവദിച്ചിട്ടുണ്ട്. ശരണ്യ. എം ന്റെ അപേക്ഷയെ സംബന്ധിച്ച് യാതൊരു പരാമർശവും ഫയലിൽ ലഭ്യമല്ല.

## PART C

## രജിസ്റ്ററും അനുബന്ധ വസ്തുതകളും

## XXII. ക്യാഷ് ബുക്ക്

1. ക്യാഷ് ബുക്ക് Vol 112 പേജ് നമ്പർ 39 ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
2. ക്യാഷ് ബുക്ക് Vol.112 പേജ് നമ്പർ 91-ൽ ക്ലോസിംഗ് ബാലൻസ് തുക തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. ക്യാഷ്ബുക്ക് vol 114 –26,32 പേജുകളിൽ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
4. ക്യാഷ് ബുക്ക് vol 114 –ൽ പേജ് നമ്പർ – 55 –ൽ സീൽ പതിച്ചിട്ടില്ല.
5. ക്യാഷ് ബുക്ക് vol 116 – ൽ പേജ് 6/7/41 എന്നിവയിൽ സീൽ പതിച്ചിട്ടില്ല

<u>ബിൽ ബുക്ക്</u>

6. 2018 – 19 ബിൽബുക്ക് vol III പേജ് 6 –ൽ ടി.ഡി.ഒ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല
7. 2019 – 20 പേജ് – 4 – ടി.ഡി.ഒ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

## XXIII. T.R.5 രസീത്

04/10/2019, 10/10/2019,11/10/2019 തീയതികളിലായി T.R.5 രസീത് പ്രകാരം ലഭിച്ച തുകയായ 7070/- രൂപയിൽ 6300/- രൂപ 23/10/2019- നാണ് ട്രഷറിയിൽ അടച്ചത്. ബാക്കി 770 രൂപ 04/11/2019 നാണ് ഒടുക്കിയിട്ടുള്ളത്. കാലതാമസത്തിന് കാരണം വ്യക്തമല്ല. എന്നാൽ 14/11/2019 – ന് ലഭിച്ച തുക 15/11/2019 ന് തന്നെ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

## XXIV. CRDR

CRDR vol 18 ൽ പേജ് 179 – ൽ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ക്യാഷ് ബുക്ക് പ്രകാരം 56,500/- രൂപ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് തുക ലഭ്യമല്ല. ടി തുക മുൻ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ.കെ. ജയപാലൻ 46500/- രൂപ ശ്രീ. ടി.സി ബാലകൃഷ്ണൻ 10,000/- രൂപ എന്ന ക്രമത്തിൽ ബാധ്യത നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്.എന്നാൽ തുക തിരിച്ച് പിടിച്ചതായി കാണുന്നില്ല. ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറുടെ പേരിൽ സുൽത്താൻ ബത്തേരി SBI യിലുള്ള 77109197049 നമ്പർ അക്കൗണ്ടിൽ 25/-09/2021 തീയതികളിലെ സ്റ്റേറ്റ്മെന്റ് പ്രകാരം 4778/- രൂപ ബാലൻസ് ഉള്ളതായി കാണുന്നു;

## XXV. PBR

പേ ബിൽ രജിസ്റ്ററിൽ DDO കൃത്യമായി ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. സ്ഥലം മാറിപ്പോയ ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

## PBR Abstract

DDO കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

2019-20 വർഷത്തെ PBR Abstract രജിസ്റ്റർ ടി.ഡി.ഒ സർട്ടിഫൈ ചെയ്തിട്ടില്ല

തുക മാറിയ തീയതികൾ രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല.

XXVI. NPS അരിയർ

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് അപേക്ഷിച്ചിട്ടുള്ള കുക്ക് തസ്തിക യിൽ ജോലി ചെയ്യുന്ന ചുവടെ പറയുന്നവരുടെ ഈ അരിയർ തുക അടച്ചിട്ടില്ല.

1. രുഗ്മിണി - 86009/
2. പദ്മിനി .പി - 9001/-

ടി തുക ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

താഴെ പറയുന്ന ജീവനക്കാരുടെ NPS അരിയർ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. രാജീവൻ - 16,717/-
2. ഗിരിജ .പി.ബി - 24,174/-
3. ജമീല . ഇ - 16,368/-
4. ബിന്ദുമോൾ പി.വി - 23425/-
   (7496 രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
5. ആനന്ദവല്ലി.ടി - 16514/-
   (2066 രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
6. ബീനാകുമാരി - 24174/-
   (14880 രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
7. ശ്രവ്യാ ബാബു - NPS അരിയർ ആരംഭിച്ചിട്ടില്ല
8. സോഫി വർക്കി - 29989/-
9. ബിജി . കെ.എം - 23425/-
   (7496 രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
10. ഷാജി .വി.കെ - 23425/-
    (7496 രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
11. റാണിമോൾ പി.എം - 23425/-
    (7496 രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
12. എൽദോ . എൻ.കെ - 24174/-
    (14880/-രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)
13. സന്തോഷ് .എം.വി - 33295/-
    (4440/- രൂപയ്ക്ക് ശേഷം ഫ്രീസ് ചെയ്തിരിക്കുന്നു)

## XXVII. സേവന പുസ്തകങ്ങൾ

GPAIS നോമിനേഷൻ സേവന പുസ്തകത്തിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്. രമ എം.എസ്, ശ്രവ്യബാബു, സീതാമോൾ കെ.കെ,രവീന്ദ്രൻ വി. എന്നിവരുടെ ഒഴികെയുള്ള സേവന പുസ്തകങ്ങളിൽ നോമിനേഷൻ പതിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്.

| No | Name | Description |
|---|---|---|
| 1. | രജീഷ് .കെ.ആർ | വിരമിക്കൽ തീയതി സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. DCRG നോമിനേഷൻ സേവന പുസ്തകത്തിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്. |
| 2. | ജോഷിമോൻ സി.കെ | DCRG നോമിനേഷൻ പതിപ്പിക്കേണ്ടതാണ്. |
| 3. | സുഹറ കെ.ടി | DCRG നോമിനേഷൻ പതിപ്പിക്കേണ്ടതാണ്. |
| 4. | നൗഷാദ് എം.എസ് | DCRG നോമിനേഷൻ പതിപ്പിക്കേണ്ടതാണ്. |
| 5 | ഷൈനി കെ.ആർ | വിരമിക്കൽ തീയതി രേഖപ്പെടുപ്പെടുത്തിയിട്ടില്ല, DCRG നോമിനേഷൻ ഇല്ല, GPF നോമിനേഷൻ ഇല്ല, GPF സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. |
| 6 | ബാബു എം പ്രസാദ് | DCRG നോമിനേഷൻ ഇല്ല, SLI,GIS നോമിനേഷൻ ഇല്ല |
| 7 | അമൃത് രാജ് | DCRG നോമിനേഷൻ ഇല്ല, SLI,GIS നോമിനേഷൻ ഇല്ല DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല, നോമിനേഷനുകൾ ഇല്ല. |
| 8 | സുമിഷ എം.ജി | SLI, GIS നോമിനേഷനുകൾ പതിപ്പിച്ചിട്ടില്ല. നോമിനി സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 9 | ജിസ്ന എൽദോ | SLI,GIS നോമിനേഷനുകൾ ഇല്ല. 10/02/20-ാം മാണ്ട് വൈകുന്നേരം ചീരാൽ പ്രീ- മെട്രിക്ക് ഹോസ്റ്റലിൽ നിന്ന് വിടുതൽ ചെയ്ത ടിയാൾ 12/02/2020 – ന് ആണ് നൂൽപ്പുഴ ടി. ഇ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത്. അധികമായി വന്ന ഒരു ദിവസം അവധി നൽകി ക്രമീകരിക്കേണ്ടതാണ്. |
| 10 | സുബിഷ സുഭാനന്ദൻ | SLI,GIS നോമിനേഷനുകൾ ഇല്ല. സീനിയർ ക്ലർക്ക് പ്രമോഷന് ശേഷമുള്ള ബേസിക് പേ ഉൾപ്പെടുത്തിയ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. |

| | | |
|---|---|---|
| 11 | ജിനി ജോസഫ് | SLI,GIS നോമിനേഷനുകൾ ഇല്ല |
| 12 | ദിവ്യ എം.സി | SLI,GIS നോമിനേഷനുകൾ ഇല്ല |
| 13 | സുമേഷ് എം.സി | SLI,GIS നോമിനേഷനുകൾ ഇല്ല, നോമിനി സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 14 | നൗഷാദ് .ഒ | ജനനതീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല,<br>SLI,GIS DCRG നോമിനേഷനുകൾ ഇല്ല,<br>SLI,GIS നോമിനി സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 15 | അശോകൻ എസ്.എസ് | ജനനതീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.SLI,GIS,<br>DCRG നോമിനേഷനുകൾ ഇല്ല, |
| 16 | ജനീഷ് പി.എസ് | SLI,GIS നോമിനേഷനുകൾ ഇല്ല, |
| 17 | അനുപ് പി.എസ് | SLI, DCRG നോമിനേഷനുകൾ ഇല്ല,<br>SLI,GIS നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 18 | സന്തോഷ് കെ.ബി | വിരമിക്കൽ തീയതി രേഖപ്പെടുത്തേണ്ടതാണ്.<br>SLI,GIS, DCRG നോമിനേഷനുകൾ ഇല്ല,<br>SLI,GIS നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 19 | ജോയ് വി.വി | SLI,GIS, DCRG നോമിനേഷനുകൾ ഇല്ല,<br>നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| 20 | രമ എം.എസ് | SLI, നോമിനേഷനുകൾ ഇല്ല,<br>SLI,GIS നോമിനി രേഖപ്പെടുത്തലുകൾ ഇല്ല. |
| 21 | മേഘ.കെ | സേവന പുസ്തകത്തിൽ പേജ് 5 ൽ കുടുംബ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>SLI,GIS നോമിനേഷനുകൾ ഇല്ല. GPFസംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| 22 | പുരുഷോത്തമൻ. പി | പേജ് 5 ൽ കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. SLI,GIS, DCRG നോമിനേഷനുകൾ ഇല്ല. നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 23 | ജയൻ | SLI,GIS നോമിനി രേഖപ്പെടുത്തലുകൾ ഇല്ല |
| 24 | ഗിരിജ പി.ബി | വിരമിക്കൽ രേഖപ്പെടുത്തിയിട്ടില്ല,<br>SLI, DCRG നോമിനേഷനുകൾ ഇല്ല. |
| 25 | പ്രേമകുമാരി സി.കെ | കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. SLI,GIS, DCRG നോമിനേഷനുകളിൽ DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 26 | ഷാന പി.കെ | SLI,GIS, DCRG,GPF നോമിനേഷനുകൾ ഇല്ല. |
| 27 | ബിനേഷ് കുമാർ ടി.കെ | കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>SLI നോമിനേഷൻ ഇല്ല<br>SLI,GIS, നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 28 | സുനിൽ കുമാർ വി.ആർ | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>SLI,GIS, DCRG,GPF നോമിനേഷനുകൾ ഇല്ല<br>SLI,GIS.നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.<br>GPF നോമിനേഷനിൽ സാക്ഷികൾ ഒപ്പിട്ടിട്ടില്ല. |
| 29 | നിഷാ രാജ് ആർ.സി | SLI,GIS, നോമിനേഷനുകൾ ഇല്ല,<br>നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 30 | അരുൺ കെ.എസ് | SLI,GIS, DCRG,GPF നോമിനേഷനുകൾ ഇല്ല |
| 31 | ശ്രവ്യ ബാബു | SLI,GIS, നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| 32. | സീതാ മോൾ കെ.കെ | കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. SLI,GIS, DCRG, നോമിനേഷനുകൾ ഇല്ല |
| 33 | അനീഷ്കുമാർ.പി | SLI, GIS, DCRG, നോമിനേഷനുകൾ ഇല്ല ഒന്നാമത്തെ സമയ ബന്ധിത ഹയർഗ്രേഡ് അനുവദിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 34 | ദിനേഷ് കെ.വി | DCRG, നോമിനേഷനിൽ , സാക്ഷികൾ ഒപ്പിട്ടിട്ടില്ല |
| 35 | ജോബിറ്റ് ടി.ജെ | GPF, സംബന്ധിച്ച വിവരങ്ങൾ, DDO സാക്ഷിപ്പെടുത്തിയിട്ടില്ല. SLI, GIS, നോമിനേഷനുകൾ ഇല്ല, നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 36 | നിതിൻ. സി.എസ് | SLI,GIS നോമിനേഷനുകൾ ഇല്ല |
| 37 | അനുപ്കുമാർ. എൽ.ഡി | GPF നോമിനേഷനുകൾ ഇല്ല, GPF വിവരങ്ങൾ DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല, SLI, GIS, നോമിനേഷനുകൾ ഇല്ല |
| 38 | അജീഷ്. കെ.എസ് | DGRS,SLI നോമിനേഷനില്ല , SLI, GIS നോമിനി വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 39 | വിക്ടർ ജോൺസൺ | SLI, GIS നോമിനേഷൻ ഇല്ല |
| 40 | വിപിൻ. വി.എം | GPF സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. SLI, GIS നോമിനേഷൻ ഇല്ല |
| 41 | ലില്ലി. എം.കെ | SLI, GIS നോമിനേഷൻ ഇല്ല |
| 42 | സുധ. പി.പി | SLI, GIS നോമിനേഷൻ ഇല്ല |
| 43 | ബിന്ദു. വി | SLI, GIS നോമിനേഷൻ ഇല്ല |
| 44 | സജിത. എം.ജി | SLI, GIS നോമിനേഷൻ ഇല്ല |

| | | |
|---|---|---|
| 45 | ഓമന. എം | SLI, GIS നോമിനേഷൻ ഇല്ല |
| 46 | റോഷ്നി. സി.സി | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, DCRG, SLI നോമിനേഷൻ ഇല്ല, SLI, GIS നോമിനി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. HBA സംബന്ധിച്ച വിവരങ്ങൾ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 47. | ഹസീന. പി.ബി | ജനനതിയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. DGRG, GPF, GIS, SLI , നോമിനേഷൻ ഇല്ല. |
| 48. | പദ്മിനി. പി | DGRG, GPF, GIS, SLI, നോമിനേഷൻ ഇല്ല. |
| 49. | റാണിമോൾ. പി. എം | വിരമിക്കൽ തിയതി രേഖപ്പെടുത്തിയിട്ടില്ല SLI, GIS നോമിനേഷനുകൾ ഇല്ല. |
| 50. | പുഷ്പ . പി.ടി. | SLI, GIS നോമിനേഷനുകൾ ഇല്ല. |
| 51. | ബിന്ദുമോൾ. പി.പി | വിരമിക്കൽ തിയതി രേഖപ്പെടുത്തിയിട്ടില്ല SLI, GIS നോമിനേഷൻ ഇല്ല GIS നേമിനി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 52. | രുഗ്മിണി.കെ | വിരമിക്കൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. DGRG, GPF, DGRG, നോമിനേഷൻ DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല.സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല SLI, GIS നോമിനേഷൻ ഇല്ല. സേവന പുസ്തകം പേജ് 20,21 DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 53. | രാജീവൻ കെ | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. SLI, GIS നോമിനേഷൻ ഇല്ല |
| 54. | എൽദോ എൻ.കെ | വിരമിക്കൽ തിയതി. രേഖപ്പെടുത്തിയിട്ടില്ല SLI നോമിനേഷൻ ഇല്ല |
| 55. | ജമീല .ഇ | SLI, GIS നോമിനേഷൻ ഇല്ല |
| 56. | ഷജി.വി.കെ | വിരമിക്കൽ തിയതി രേഖപ്പെടുത്തിയിട്ടില്ല |
| 57. | സോഫിവർക്കി | കുടുംബത്തെ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. DCRG, SLI, GIS നോമിനേഷൻ ഇല്ല. |
| 58. | ലീലാവതി.എ | സേവന പുസ്തകത്തിൽ ഫോട്ടോ പതിപ്പിച്ചിട്ടില്ല. വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കുടുംബത്തെ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല SLI നോമിനേഷൻ ഇല്ല. SLI നോമിനി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| 59. | ശോഭന.സി.കെ | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല 31/03/2021 ന് സർവ്വീസ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല (Page 107) |
| 60. | ലിസി മാത്യൂ | തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 61. | സജിത.വി.പി | GPF സംബന്ധിച്ച് വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പടുത്തിയിട്ടില്ല. 31/03/2021 സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല |
| 62. | സക്കീന.വി. | കുടുംബത്തെ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 31/03/2021 ന് സർവ്വീസ് DGRG വെരിഫിക്കേഷൻ നടത്തിയിട്ടില്ല. |
| 63. | സുമേഷ് എം.ബി. | DGRG,SLI, GIS നോമിനി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 64. | ജയമോൾ .എം വി. | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 65. | അബൂബക്കർ.കെ.എ | GPF നോമിനേഷൻ DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 66. | മേരി.പി | സേവനപുസ്തകത്തിലെ ഫോട്ടോ,ജനനതീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പേജ് 4-ൽ ആദ്യനിയമന വിവരങ്ങൾ DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 67. | റംലത്ത് . പി | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പേജ് 24-ൽ ഇൻക്രിമെന്റ് അനുവദിച്ചത് DDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 68. | ബാബു.കെ.പി | ആദ്യ നിയമന വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. Page 8- ൽ നോമിനേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 69. | ജോളി അബ്രാഹം | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 70. | ഉഷ.എ | 31/3/2021 ലെ സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല. |
| 71. | ആനന്ദവല്ലി.ടി. | വിരമിക്കൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. SLI, GIS നോമിനേഷൻ ഇല്ല. |
| 72 | ലൂസി.പി.സി | GIS നോമിനേഷൻ പൂർണ്ണമല്ല.<br>SLI നോമിനേഷൻ ഇല്ല |
| 73 | ബീനാകുമാരി. ടി.എം | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല<br>GIS, SLI നോമിനേഷൻ ഇല്ല<br>GIS, SLI രേഖപ്പെടുത്തലുകൾ ഇല്ല |
| 74 | ബിജി.കെ.എം | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല<br>DGRS നോമിനേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>GIS സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല |
| 75 | സന്തോഷ്. എം.വി | ജനനത്തീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>GPF, SLI, GIS നോമിനേഷൻ ഇല്ല<br>GIS രേഖപ്പെടുത്തലുകൾ ഇല്ല |

| | | |
|---|---|---|
| 76 | വിദ്യ.പി | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല<br>കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല<br>DGRS, SLI നോമിനേഷൻ ഇല്ല<br>GLI, GIS രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ നടത്തിയിട്ടില്ല |
| 77 | രേഖ.കെ.കെ | DGRS നോമിനേഷൻ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല, SLI നോമിനേഷൻ ഇല്ല |
| 78 | ശാന്തകുമാർ. പി.സി | വിരമിക്കൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>GPF, SLI, GIS നോമിനേഷൻ ഇല്ല<br>GPF സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല |

ശ്രീ. ബാബു. ഐ.ബി 2021 ഫെബ്രുവരി മാസം ജോലിയിൽ പ്രവേശിച്ചെങ്കിലും, ഇതുവരെ സേവന പുസ്തകം ആരംഭിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## XXVIII. സർവ്വീസ് ബുക്ക് രജിസ്റ്റർ

രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## XXIX. ഇൻകുബെൻസി രജിസ്റ്റർ

രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സുൽത്താൻ ബത്തേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 09/07/18-ലെ SBY 1/18 നമ്പർ ശുപാർശ കത്തോടൊപ്പം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ, ക്രമനം .4. കുഞ്ചു ചെട്ടിയാർ, ക്രമനം. 25 തങ്ക വെള്ളിമാട് എന്നീ അപേക്ഷകർക്ക് ഒഴികെ മറ്റെല്ലാവർക്കും 20/07/19/18 - ലെ F-1940/18 നമ്പർ ഉത്തരവ് പ്രകാരം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. ടിയാളുകളുടെ അപേക്ഷ പരിഗണിക്കാത്തത് സംബന്ധിച്ച് യാതൊരു പരാമർശവും ഫയലിൽ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## പേഴ്സണൽ രജിസ്റ്ററും അനുബന്ധ പരിശോധനകളും

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്ററുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നുണ്ട്. ഓഫീസ് ജൂനിയർ സൂപ്രണ്ട്, അസി. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തലങ്ങളിൽ പ്രതിമാസ പരിശോധന നടത്തുന്നുള്ളതായി മനസിലാക്കുന്നു. അതുകൊണ്ട് തന്നെ താരതമ്യേന മെച്ചപ്പെട്ട ഫയൽ മാനേജ്മെന്റും പി.ആർ മെയിന്റനൻസും കാണാൻ കഴിയുന്നുണ്ട്. പൊതുവായി കണ്ട ചില ന്യൂനതകൾ ചുവടെ പറയുന്നു.

1. കലണ്ടർ വർഷം പി.ആർ കളിൽ ക്യാരിഓവർ ചെയ്യേണ്ടതായിട്ടും ചില സെക്ഷനുകൾ അപ്രകാരം പൂർത്തിയാക്കിയിട്ടില്ല.
2. രജിസ്റ്ററുകൾ നിയന്ത്രണോദ്യോഗസ്ഥനെ കൊണ്ട് സർട്ടിഫൈ ചെയ്ത് ഉപയോഗിക്കുന്നതായി കാണുന്നില്ല.
3. പെൻസിൽ മാർക്കിംഗ്, വൈറ്റ്നർ അനാവശ്യമായി ഉപയോഗിക്കുന്നത്, തപാലുകൾക്ക് വൈഡ് കാണിക്കാത്തത്, തീർപ്പാക്കലുകൾ രേഖപ്പെടുത്താത് എന്നിവ എഫ്, ജി, സി സെക്ഷനുകളിലെ പി.ആർ കളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തീർപ്പാക്കിയ ഫയലുകൾ റിക്കാർഡ് സെക്ഷനിലേക്ക് കൈമാറിയിട്ടുള്ളതായി കാണുന്നില്ല.

സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ 01.04.2017 മുതൽ 31.03.2020 വരെയുള്ള ആഭ്യന്തര കണക്ക് പരിശോധനയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന അപാകതകൾ/ന്യൂനതകൾ പരിഹരിച്ച് ന്യൂനതാ പരിഹാര റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

ഫിനാൻസ് ഓഫീസർ

വി എസ്